Mr. K. Sankaran Nambudiri's Nambudiri Kudumba Bill.

President.—The next item of business is the introduction of the Nambudiri Kudumba Bill.

മിസ്റ്റർ കപ്പിങ്ങാട്ട ശങ്കരൻ നമ്പൂതിരി.—നമ്പൂതിരി കുഡുംബ ബിൽ ഈ സഭസ്സിൽ അവതരിപ്പിക്കുന്നതിന് ഞാൻ അപേക്ഷിക്കുന്നു

മിസ്റ്റർ സി. ഐ. കുഞ്ഞുണ്ണി രാജ.—ഞാൻ അതിനെപിന്താങ്ങുന്നു

പ്രസിഡെണ്ട്.—ഇതിന് ഇംഗ്ലീഷിൽ വല്ല തജ്ജമയും കൊടുത്തിട്ടുണ്ടൊ?

മിസ്റ്റർ കപ്പിങ്ങാട്ട ശങ്കരൻ നമ്പൂതിരി.— തജ്ജമ ഒന്നും ഉണ്ടാക്കീട്ടില്ല. സെലക്ററു കമ്മറിയെ ഏല്പിക്കുമ്പോൾ തജ്ജമ വേണമെന്നുണ്ടെങ്കിൽ ആവാം.

പ്രസിഡെണ്ട.—നിങ്ങാം മോഷൻ കൊണ്ടുവരികയും പിന്താങ്ങുകയും ചെയ്തിട്ടുണ്ട്. അതിൽ അടങ്ങിയ പ്രിൻസിപ്പ്ൾസു ജനറൽ ക്ലാസുകളും വിവരമായി അറിയാൻ ഇംഗ്ലീഷു് തജ്ജമ സഹായക്കുമായിരുന്നു.

Mr. T. A. Ramachandra Ayyar.—Sir, I oppose the introduction of the Bill.

പ്രസിഡെണ്ട്.—ഇനി ഇതിന്റെ അവശ്യകതയെപ്പറ്റി വല്ലതും പറയാനുണ്ടെങ്കിൽ ഇവിടെ പറയാം.

Mr. A. Sankara Puduval.—Sir, I received notice of this Bill only a few days back. This concerns the Nambudiris exclusively. So, that being a very important matter, I desire to move that this business be adjourned so as to enable me to ascertain the sense of the community. I must ascertain their views, before I pronounce my opinion one way or other. I got the notice only a very few days back, and under S. O. 26, I move that this business be adjourned.

Mr. A. B. Salem.—I oppose it.

Mr. T. A. Ramachandra Ayyar.—I second it.

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.— ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന ബിൽ തന്നെ മലയാളത്തിലാകയാൽ അതിനേപ്പറ്റി അഭിപ്രായം പറയുന്ന മെമ്പർമാരെല്ലാവരും മലയാളത്തിൽ സംസാരിക്കുന്നതായാൽ എനിക്ക് വിവരമായി മനസ്സിലാക്കുവാനും ഒടുവിൽ അതിനു മറുപടി പറയാനും കഴിയും. ഇംഗ്ലീഷിലായാൽ മറുപടി പറയുവാൻ എന്നേക്കൊണ്ട് സാധിച്ചില്ലെന്നുവന്നേക്കാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡെണ്ട്.—മലയാളത്തിൽ പറയാൻ സമ്മതമുള്ളവരെല്ലാം മലയാളത്തിൽ പറയട്ടെ. പക്ഷെ അവക്ക് മലയാളത്തിൽ സാധിക്കയില്ലെന്ന് പറഞ്ഞാൽ നിബ്ബന്ധിക്കാൻ തരമില്ല.

സ്റ്റാണ്ടിങ്ങ് ആർഡർ ൨൫-ാം വകുപ്പുകൊണ്ട് ഇംഗ്ലീഷിൽ സംസ്സാരിച്ചുവന്നവർ മലയാളത്തിൽ സംസ്സാരിക്കാൻ പാടില്ലെന്നുണ്ട്.

മിസ്റ്റർ കപിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—മെനഞ്ഞാന്ന് അതേവരെ ഇംഗ്ലീഷിൽ സംസ്സാരിച്ചുവന്ന ഒരു മാന്യമെമ്പറിന്ന് മലയാളത്തിൽ സംസ്സാരിക്കാൻ അനുവാദം കൊടുക്കയുണ്ടായിട്ടുണ്ട്. അതുപോലെ ഇന്നും അനുവാദം കൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. അച്യുതമേനോൻ.—മെനഞ്ഞാന്നത്തെ വിഷയത്തെ സംബന്ധിച്ച് ഇംഗ്ലീഷിൽ സംസ്സാരിക്കാൻ വിഷമം എന്ന് പറഞ്ഞതുകൊണ്ടാണ് അദ്ദേഹത്തിന്ന് മലയാളത്തിൽ പറയാൻ അനുവാദം കൊടുത്തത്.

പ്രസിഡെണ്ട്.—മിസ്റ്റർ ശങ്കരപ്പുതുവാൾക്ക് മലയാളത്തിലേക്കാൾ ഇംഗ്ലീഷിലായിരിക്കും സംസ്സാരിക്കാനെളുപ്പം. അദ്ദേഹം ഇതേവരെ ഈ സഭയിൽ മലയാളം ഉപയോഗിച്ച് കേട്ടിട്ടും ഇല്ല. ആ സ്ഥിതിക്ക് മലയാളത്തിൽതന്നെ പറയണമെന്ന് ഞാൻ ആവശ്യപ്പെടുന്നതു നന്നായിരിക്കയില്ല. മനസ്സുള്ളവർ മലയാളത്തിലൊ ഇംഗ്ലീഷിലൊ അവരുടെ യുക്തംപോലെ സംസ്സാരിക്കട്ടെ. ഞാൻ ഇത്രയും പറയുന്നു.

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽനിന്ന് എനിക്കു മനസ്സിലായതു ബിൽ അവതരിപ്പിക്കാനുള്ള കാലം നീട്ടണമെന്ന് അഭിപ്രായപ്പെടുന്നതായിട്ടാണ്. ഇതിൽ എനിക്ക് പറയാനുള്ളതു് ഇതു് നീട്ടിക്കൊണ്ടുപോകേണ്ട ഒരു വിഷയം അല്ല. അതിനേപറ്റി അനേപഷണം നടത്തണമെങ്കിൽ സെലക്റ്റ് കമ്മറ്റിയെ നിശ്ചയിക്കുന്നുണ്ട്. അവരുടെ അനേപഷണത്തിന്ന് നാം കുറെ വേണ്ടിവരും. ഇപ്പോൾ അങ്ങനെ ഒരു സെലക്റ്റ് കമ്മറ്റിയെ ഏല്പിക്കുന്നതിനുള്ള കാലം കൂടി നീട്ടുന്നതായാൽ അതു വളരെ നീണ്ടുപോകും. ഇതു് പാസ്സാക്കാൻ ഒരു ദിവസം താമസിക്കുന്നിടത്തോളം ഞങ്ങളുടെ സമുദായത്തിന്ന് വലിയ നഷ്ടമാണ്. ഇന്ന് സെലക്റ്റ് കമ്മറ്റിയെ ഏല്പിച്ച് അവരുടെ അനേപഷണത്തിനു കാലതാമസം കൊടുക്കാം. അഞ്ചാ ആറൊ മാസം അവർ എല്ലായിടത്തും അനേപഷിക്കട്ടെ. അവരുടെ അഭിപ്രായം സമർപ്പിക്കുന്നതിന് നാം ദീർഘിച്ചാലും എനിക്ക് വിരോധമൊ, സങ്കടമൊ ഇല്ല. കമ്മറ്റിയെ ഏല്പിക്കുന്നതിനെ നീട്ടിവെയ്ക്കണമെന്ന് അഭിപ്രായപ്പെടുന്നതു മാത്രം വലിയ സങ്കടകരമാണ്. അതാണ് ഞാൻ എല്ലാ മെമ്പർമാരേയും ബോധിപ്പിക്കുന്നതു്. അതിനാൽ ഞാൻ തുശ്ശിവപേരൂർ മെമ്പറോട് ഇതിൽ യോജിക്കുന്നതിന് അപേക്ഷിക്കയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon.—The reason given by the Hon'ble Member for Trichur is not binding upon us. It is the member's duty to ascertain the views of his constituency before coming to this Council. The Bill cannot be adjourned to suit his convenience. We are not concerned with the views of his constituency. We may see what the other members say in regard to this matter, irrespective of the consideration whether it is accepted by the member or not, nor is it our concern whether the Hon'ble Member has been able to make necessary enquiries in his constituency.

Mr. V. K. Kochunni Menon.—The Council also opposes the motion for adjournment. There is no necessity for adjournment.

Mr. A. B. Salem.—I also oppose it.

Dr. A. G. Menon.—A point of order. Before an adjournment is asked for, it is to be considered whether the Government has power to form a committee to take evidence in this matter. ഗവർമ്മെണ്ട് തനിയേ ഒരു അന്വേഷണം നടത്തി മറ്റു നമ്പൂതിരിമാരുടെ അഭിപ്രായം അറിയുന്നതുവരെ ഇതു് നീട്ടിവെച്ചുകൂടെ?

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജ.—നമ്പ-ാ രൂൾ ർ-ാം ഉപവകുപ്പുപ്രകാരം ഇതിനെ സെലക്ററ്കമ്മറിയെ ഏല്പിക്കാൻ വിചാരിക്കുന്നതുകൊണ്ട് വേറൊരന്വേഷണം നടത്തണമെന്നും നീട്ടിവെയ്ക്കണമെന്നും അഭിപ്രായപ്പെടുന്നതു് ശരിയല്ല.

ഡാക്ടർ എ. ജി. മേനോൻ.—അങ്ങനെ നീട്ടിവെയ്ക്കണമെന്ന് എനിക്കു് അഭിപ്രായമില്ല. നീട്ടുന്നതിനു് വിരോധമുണ്ടോ എന്നാണു് ചോദിച്ചതു്.

President.—There is power to the Select Committee to hear evidence.

Dr. A. R. Menon.—We may form a Select Committee and request them to take evidence.

President.—The Committee will consist of members representing all interests, not merely of those who are in favour of the Bill.

Dr. A. G. Menon.—Suppose the majority of the Select Committee comes to the conclusion that no evidence is necessary.

Mr. V. K. Kochunni Menon.—But the Government can take action, in spite of that.

Dr. A. G. Menon.—That is what I say. A special recommendation may be made to the Select Committee.

LIBRARY ARCHIVES Kerala Legislative Assembly

President.—The Council may as well direct that they should hear evidence. Is it not open for the member to say that this Select Committee should be asked to hear evidence? I mean to say I can allow the discussion. It is a closure motion. Therefore, there is the right of debate.

The President then put the question to votes, and the motion was lost.

മിസ്റ്റർ കപ്ലിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ഞാൻ ഇപ്പോൾ ഇവിടെ ഹാജരാക്കുന്ന നമ്പൂതിരി കുടുംബറെസ്റ്റലേഷൻ, എത്രത്തോളം ആവശ്യവും ഔചിത്യവും ഉള്ളതാണെന്ന് ചുരുക്കത്തിലെങ്കിലും ഒന്നു വിവരിക്കേണ്ടതു് എന്റെ കർത്തവ്യമാണെന്ന് കരുതുന്നു. ബ്രിട്ടീഷു് മലബാർ, കൊച്ചി, തിരുവിതാംകൂർ നിവാസികളായ നമ്പൂതിരിമാക്ക് സമുദായികമായി പൊതുവെ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ഓരോരോ അവശതകളേയും അധഃപതനകാരണങ്ങളേയും കണ്ടറിഞ്ഞു് വേണ്ട പരിഹാരങ്ങൾ ഉണ്ടാക്കുവാനായി സ്ഥാപിച്ചു് നടത്തിവരുന്ന ഒന്നാണു് "നമ്പൂതിരി യോഗക്ഷേമസഭ." സമുദായത്തിന്നു് ധർമ്മാചാര സംബന്ധമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, രാജനീതിപ്രധാനമായും വേണ്ട അഭിവൃദ്ധിയെ ഉണ്ടാക്കിക്കൊണ്ടിരിക്കുക എന്നുള്ളതാണു് പ്രസ്തുത സഭയുടെ പരമോദ്ദേശമെന്നു് അതിന്റെ നിയമത്തിൽ നിന്നും നടവടികൾ കൊണ്ടും സുവ്യക്തമാവുന്നതാണു്. കഴിഞ്ഞ പതിനെട്ടു കൊല്ലമായി മേൽപറഞ്ഞ എല്ലാ ഉദ്ദേശങ്ങളുടെയും സിദ്ധിക്കു് സഭ സാമാന്യമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയത്നങ്ങളുടെ കൂടുതൽ ഭാഗം അപഹരിച്ചിട്ടുള്ളതു് നമ്പൂതിരിമാരുടെ കുടുംബഭരണത്തിന്റേയും, വിവാഹത്തിന്റേയും സമ്പ്രദായത്തെപ്പറ്റിയുള്ള ആലോചനക്കാണു്. ആരംഭം മുതൽക്കുതന്നെ ഈ രണ്ടു സംഗതികളും സഭയുടെ ശ്രദ്ധക്കു് സവിശേഷം വിഷയമായിട്ടുണ്ടു്. ഇവയെ പരിഷ്കരിച്ചു് ക്രമപ്പെടുത്തുവാൻ സഭ പലപ്പോഴും പ്രയത്നിക്കാതിരുന്നിട്ടില്ല. ആ വഴിക്കുള്ള പരിശ്രമങ്ങൾ സഫലമാവേണമെങ്കിൽ ഒരു പ്രത്യേക റെസ്റ്റലേഷൻ തന്നെ വേണമെന്നു് സഭക്കു് ബോദ്ധ്യമായിട്ടു് ഏഴെട്ടുകൊല്ലം ആയിരിക്കുന്നു. അന്നുമുതൽ കൊല്ലംതോറും അനേകം സമുദായാംഗങ്ങൾ ഒന്നിച്ചുകൂടി ചെയ്യാറുള്ള തീർപ്പുകളെ അനുസരിച്ചാണു് ഞാൻ ഇവിടെ ഇങ്ങിനെ ഒരു ബിൽ ഹാജരാക്കുന്നതു്. സമുദായാംഗങ്ങൾ വളരെ കാലമായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതും ഇന്നു് ഏറ്റവും ആശയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതും ഇതു തന്നേയാകുന്നു. ഒരു കാലത്തു് സമ്പത്തുകൊണ്ടും സംഖ്യാബലംകൊണ്ടും എന്നുവേണ്ട സർവ്വപ്രകാരേണയും കേരളത്തിൽ അത്യുന്നതമായ ഒരു സ്ഥാനത്തെ അലങ്കരിച്ചിരുന്ന നമ്പൂതിരിമാർ കാലക്രമേണ ആളും അർത്ഥവും ചുരുങ്ങി അജ്ഞതയിലും അന്ധതയിലും മുഴുകി ആരുമേതും തുണയില്ലാതെ അലഞ്ഞുതിരിഞ്ഞുനടക്കുന്നതു് അവരോടല്പമെങ്കിലും ബന്ധമോ, അനുകമ്പയോ ഉള്ളവർക്ക് ദുസ്സഹമാവാതിരിക്കയില്ല. കൊച്ചിരാജ്യത്തെ നമ്പൂതി

LIBRARY ARCHIVES Kerala Legislative Assembly

രിമാരെ ഈ ആപത്തിൽ നിന്നും ഉദ്ധരിച്ചു് സംരക്ഷിക്കുകയണു് ഈ ബില്ലിന്റെ ഉദ്ദേശം. യോഗക്ഷേമസഭയുടെ ആജ്ഞയെ സാഭിമാനം സ്വീകരിച്ചും ബഹുമാനപ്പെട്ട നായമസഭാസാമാജികന്മാരുടെ ഔദാര്യത്തെ അവലംബിച്ചും ഞാൻ ഇവിടെ ഹാജരാക്കുന്ന ഈ ബില്ലിനേപ്പറ്റി എനിക്കു് അധികമൊന്നും പറവാനില്ല. എങ്കിലും താഴെ പറയുന്നസംഗതികൾ ഈ ബില്ലിന്റെ ആവശ്യത്തെ കൂടുതൽ വ്യക്തമാക്കുന്നതാണു്.

(2) ഈ റെഗുലേഷനേപ്പറ്റി യോഗക്ഷേമസഭയിൽ അപ്പപ്പോൾ ചില പ്രസംഗങ്ങൾ ചെയ്തതൊ, നിശ്ചയങ്ങൾ പാസ്സാക്കുകയൊ മാത്രമല്ല ഉണ്ടായിട്ടുള്ളതു്. സഭയുടെ കീഴിൽ സജീവങ്ങളായി നിലനിന്നുവരുന്ന മുപ്പതിൽപരം ഉപസഭകളും മറ്റു പലേ സ്വാമുദായിക യോഗങ്ങളും പ്രസ്തുത റെഗുലേഷന്റെ ആവശ്യത്തെ സമർത്ഥിച്ചുകൊണ്ടു് ഉപയുക്തപരിശ്രമശക്തി കൂടിയ തീർപ്പുകൾചെയ്തിട്ടുള്ളതിനും പുറമെ, യോഗക്ഷേമസഭയുടെ ഫസ്റ്റ്- ഫസ്റ്റ്- വാർഷിക മഹായോഗങ്ങളിൽനിന്നു് രണ്ടുതവണ ഓരൊ കമ്മറ്റിയെ നിശ്ചയിച്ചു് വേണ്ട തെളിവു് എടുക്കുകയും, സാമുദായാഭിപ്രായം ആ വിധത്തിലും നിഷ്കൃഷ്ടയായി പരിശോധിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഇതിൽ ദേശമംഗലത്തു് ഗ്രഹസ്ഥൻനമ്പൂതിരിപ്പാടവർകൾ (ഡി. ഇ.) പ്രസിഡെണ്ടായിനിശ്ചയിച്ചു് രണ്ടാമത്തെ കമ്മറ്റിയിൽ ഞാനും ഒരംഗമായിരുന്നു. ഞങ്ങൾ നേരിട്ടുകണ്ടും രേഖാമൂലമായും അതാറിൽ കുറയാത്ത സമുദായാംഗങ്ങളുടെ അഭിപ്രായം ശേഖരിച്ചതിൽ കാര്യബോധവും സ്വാഭിപ്രായശക്തിയുമുള്ള മിക്കവരും ഇങ്ങനെ ഒരു റെഗുലേഷന്റെ ആവശ്യത്തെ സമ്മതിച്ചതായി കണ്ടിരിക്കുന്നു. എന്നതന്നേയല്ല ഉല്പതിഷ്ണുക്കളായ ചിലർ കൂട്ടുകുടുംബത്തിനെ സർവ്വസ്വാതന്ത്ര്യത്തോടുകൂടി ഭാഗിക്കുന്നതിനുപോലും സമ്മതമുള്ളവരാണെന്നും രേഖപ്പെടുത്തി കാണ്മാനുണ്ടു്. കമ്മറ്റിയുടെ അന്വേഷണഫലങ്ങളെ സംക്ഷിപ്തിയായി പറകയാണെങ്കിൽ ഓരോ ഗ്രാമത്തിലും ദേശത്തിലുമുള്ള നമ്പൂതിരി കുടുംബങ്ങൾ നാൾക്കുനാൾ ഭയങ്കരമായവിധം ക്ഷയിച്ചുകൊണ്ടിരിക്കുന്നു എന്നും ഇപ്പോൾ നിലവിലുള്ള തറവാടുകളിൽത്തന്നെ പ്രായേണ ഗൃഹഛിദ്രം മൂർദ്ധന്യദശയെ പ്രാപിച്ചു് കാണുന്നു എന്നും, അനിയന്ത്രിതന്മാരും, അധികാരപ്രമത്തന്മാരുമായ കുടുംബകൈകാര്യകർത്താക്കന്മാരുടെ ഭരണവൈകല്യങ്ങളാൽ, ഗൃഹജീവിതത്തിൽനിന്നുപോലും ബഹിഷ്കൃതരായ അനന്തിരവന്മാരുടെ കഷ്ടപ്പാടുകൾ സീമാതീതമായിരിക്കുന്നു എന്നും, മറെറങ്ങും കേട്ടുകേൾവിപോലുമില്ലാത്തതും മനുഷ്യലോകം പൊതുവെ അപഹസിക്കുന്നതുമായ നമ്പൂതിരി കനിഷ്ഠന്മാരുടെ അനന്യസാധാരണമായ ദാമ്പത്യസ്വീകാരത്താൽ സ്വസമുദായത്തിലെ വരജ്ഞർല്ലഭ്യജന്യമായ കന്യകാദാനക്ലേശം കഠോരതരമായിരിക്കുന്നു എന്നും, വയസ്സുമൂപ്പുമാത്രമാണു് ഭരണാധികാരത്തിനു് അടിസ്ഥാനമെന്നുള്ള നടവടിനിമിത്തം അസ്വതന്ത്രകളായ അന്തർജ്ജനങ്ങളുടേയും മിക്കവാറും അനാഥരെന്നുപറയാവുന്ന ബാലികാബാലന്മാരുടേയും സ്ഥിതി ഏറ്റവും ദയനീയമാണെന്നും, അതുകൂടാതെ ഇപ്പോഴത്തെ സമ്പ്രദായത്തിന്റെ അലകും പിടിയും മാറ്റി പരിഷ്കരിക്കാതെ നിവൃത്തിയില്ലെന്നും സമുദായാംഗങ്ങളിൽ പല

LIBRARY ARCHIVES Kerala Legislative Assembly

ക്കും ഉറച്ച അഭിപ്രായമുള്ളതായി കാണുവാൻ കഴിഞ്ഞിരിക്കുന്നു. ഇവയെല്ലാം കഴിയുന്ന വേഗം ചിലപരിഹാരമാർഗ്ഗമുണ്ടാക്കാഞ്ഞാൽ (നമ്പൂതിരി സമുദായത്തിന്റെ ഉത്തരമായ അധോഗതിയെ തടയുവാൻ ഇനിയും അമാന്തിച്ചാൽ) നമ്പൂതിരി സമുദായത്തിൽ സൈ്വരവും സമാധാനവുമുള്ള കുടുംബങ്ങളൊ, അംഗങ്ങളൊ ഇല്ലാതാവുമെന്നമാത്രമല്ലസമുദായം വിദൂരമല്ലാത്ത ഒരു ഭാവിയിൽ തീരെ നാമാവശേഷമാവുമെന്നും കമ്മറിക്ക് ബോദ്ധ്യമായിട്ടുണ്ട്.

(൩) നമ്പൂതിരിതറവാട്ടകം ദിവസംപ്രതി എണ്ണത്തിലും വണ്ണത്തിലുംചുരുങ്ങിവരുന്നു എന്ന് ഞാൻ പറഞ്ഞുവല്ലൊ. ഈ സംഗതികളെ തെളിയിക്കുവാൻ യാതൊരു പ്രയാസവുമില്ലാത്തതാണ്. നമ്പൂതിരിമാരുടെ ഓരോ ഗ്രാമത്തിലും ഓരോദേശത്തിലും അന്വേഷിച്ചാൽ ഈ വസ്തുത എത്രയോസുലഭമാണ്. എനിക്കറിവുള്ള ഓരോ ഗ്രാമത്തിലും മുമ്പുണ്ടായിരുന്നഎണ്ണംകേൾവിയുള്ളതിൽ നാലിൽ ഒരുഭാഗം തറവാട്ടകം ഇപ്പോൾ ഇല്ല. എന്റെ അറിവിൽതന്നെ എട്ടുപത്തു് ഇല്ലങ്ങൾ അന്യം വന്നുപോയിട്ടുണ്ട്.നമ്പൂതിരി സമുദായത്തോടു് അടുപ്പമുള്ള ഏവനും ഈ മാതിരി നാശം അനുഭവമായിരിക്കും അവിടവിടെ നമ്പൂതിരി കുടുംബങ്ങൾ കുറഞ്ഞുവരുന്നതല്ലാതെ പുതിയതായി ഒരൊറ്റ ഗൃഹംപോലും ആവിർഭവിക്കുന്നതായി കാണുവാൻ കഴിയുമൊ എന്നു സംശയമാണ്. ഒരു നമ്പൂതിരികുടുംബത്തിനു് ഇപ്പോൾ ഏതാണ്ടു ധനശക്തിയുണ്ടെന്നു് പറയാമെങ്കിൽ അതിനോടു ബന്ധമുണ്ടായിരുന്ന മറ്റു പലതറവാട്ടകങ്ങളും നശിച്ചു് അതിലേക്കു് ലയിച്ചിട്ടുള്ളതുകൊണ്ടാണെന്നു് നിസ്സംശയം പറയാവുന്നതാണ്. മുന്നൂറോളം നമ്പൂതിരി കുടുംബങ്ങൾ അന്യം വന്നിട്ടുള്ളതായി ഗവർമ്മേണ്ടു് റിക്കാർട്ടുകൊണ്ടുതന്നെ കാണുന്നുമുണ്ടു്. ഓരോ സമുദായവും സെൻസസ്സുനോക്കി അവരവരുടെ അഭിവൃദ്ധിയുടെ ഗതിവേഗം മതിയാകുന്നില്ലെന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ നമ്പൂതിരിമാർക്കുമാത്രം അവരുടെ അധഃപതനശക്തി കണക്കാക്കുവാനേ സെൻസസ്സുകൊണ്ടു് പ്രയോജനപ്പെടുന്നുള്ളു. ഫർഫറ-ൽ എടുത്ത ഈ രാജ്യത്തെ കണക്കുപ്രകാരം ൪,൭൫൦ മാത്രമായിരുന്ന നമ്പൂതിരിമാരുടെ സംഖ്യ. പത്തു കൊല്ലംകൊണ്ടു് ഒരു നൂറോളം കുറയുകയാണുണ്ടായിട്ടുള്ളതു്. ഇങ്ങനേയുള്ള നാശം ഇന്നും ഇന്നലയുമായി ഉണ്ടായിത്തുടങ്ങിയതല്ല എത്രയോ പുരാതിനമായിവന്നുകൊണ്ടിരിക്കുന്നതാണ്. ഇതുസമുദായസ്നേഹികർക്കു് സഹിക്കപ്പെടാവുന്നതാണൊ? ഈ കണക്കുപ്രകാരം നമ്പൂതിരിമാർക്കു് ജനസംഖ്യയിൽ വന്നുകൊണ്ടിരിക്കുന്ന നഷ്ടം ഇന്നത്തേപ്പോലെതന്നെ മേലാലും തുടർന്നുകൊണ്ടിരിക്കയും അതിന്റെ പ്രവർത്തന ശക്തിക്കു് യാതൊരു കുറവുമില്ലാതിരിക്കയുമാണെങ്കിൽ നമ്പൂതിരി സമുദായം ഭൂമുഖത്തുനിന്നു് തീരെ അന്തർദ്ധാനം ചെയ്യുവാൻ എത്രകാലം വേണ്ടിവരുമെന്നു കണക്കാക്കുവാൻ പ്രയാസമില്ല. ഈ അത്യഗാധമായ അധഃപതനത്തിൽനിന്നു് കരകയറുവാൻ നമ്പൂതിരിമാർ സാമാന്യേന സ്വജാതിയിൽ വിവാഹംചെയ്തു് പ്രത്യേക കുടുംബങ്ങൾ വർദ്ധിപ്പിക്കുകയെന്നുള്ള ഒരൊറ്റ നിവൃത്തിമാർഗ്ഗമേ സമുദായചിന്തകന്മാർക്കു് കാണുവാൻ കഴികയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ര) മക്കടമുഷ്ടിക്കാരായ ഒർല്ലഭം ചില യാഥാസ്ഥികന്മാരെ ഒഴിച്ചു് ബാക്കി സമുദായാംഗങ്ങൾക്കു് പൊതുവെ സ്വജാതീയവിവാഹത്തിന്റെആവശ്യം ഇപ്പോൾ ബോദ്ധ്യപ്പെട്ടു് കഴിഞ്ഞിട്ടുണ്ടു്. പക്ഷെ ഇന്നത്തെ നിലയേപ്പറ്റി തുറന്ന പറയുകയാണെങ്കിൽ നിഷ്കന്മാരായ നമ്പൂതിരികനിഷ്ഠന്മാർക്കു് കാരണവന്മാരുടെ കരുണാകടാക്ഷം ക്രടാതെ സ്വജാതീയ വിവാഹത്തെയ്യു് ഒരു കുടുംബം പുലത്തുകയെന്നുള്ളതു് ബ്രഹ്മാണ്ഡകടാഹത്തെ ഭേദിക്കുവാനുള്ള ഒരു മഹാമോഹമായിട്ടാണു് വന്നുചേന്നിരിക്കുന്നതു്. ഇന്നത്തെ കാരണവന്മാരോടു് ഇണങ്ങിക്കൊണ്ടു സ്വജാതീയ വിവാഹം സാദ്ധ്യമല്ല. അവരോടു് പിണങ്ങിയിട്ടാണെങ്കിൽ ഈ കഥയൊന്നും ആലോചിക്കേണ്ടതുമില്ല. ഈ നിലക്കു് ഒരു കുടുംബാംഗത്തിനു് ന്യായമായി തന്റെ തറവാട്ടിൽനിന്നു് കിട്ടാവുന്ന ആദായവിഹിതം കൊടുത്തു് അയാൾക്കു് ഒരു ഉപജീവനമാർഗ്ഗം ഉണ്ടാക്കിത്തീക്കാതെ സ്വജാതീയവിവാഹം വർദ്ധിപ്പിക്കുവാനോ, സമുദായക്ഷയത്തെ അല്പമെങ്കിലും ഒന്നു തടഞ്ഞു നിർത്തുവാനോ സാദ്ധ്യമല്ലെന്നു് വന്നിരിക്കുന്നു. അതിനു് ഈ ബില്ലിലെ നാം അദ്ധ്യായം ഉപയോഗമാകുമെന്നാണു് എന്റെ വിശ്വാസം.

(ഭ) കനിഷ്ഠന്മാർക്കു് സ്വജാതിയിൽ വിവാഹം കഴിപ്പാൻ സൌകര്യമില്ലാത്തതുകൊണ്ടു് എത്രയും ഭയങ്കരമായ പല ദോഷങ്ങളും സമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് നമ്പൂതിരി കന്യകമാർ നിത്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന അരിഷ്ടങ്ങളാണു്. നാല്പതുവയസ്സിനുമേലെ പ്രായമായിട്ടും വരന്മാരെ കിട്ടാതെ അവിവാഹിതകളായി കുറെ കന്യകമാർ സമുദായത്തിൽ ഇരിപ്പുണ്ടു്. ഇരുപതും മുപ്പതും വയസ്സിനിടക്കു് ഉള്ളവർ വളരെ സുലഭമാണു്. ഗൃഹസ്ഥാശ്രമികളിൽ അധികംപേരും രണ്ടും മൂന്നും അന്തർജ്ജനങ്ങളുടെ പ്രാണനാഥത്വം സ്വീകരിച്ചിട്ടുള്ളവരാണു്. യുവതികൾക്കു് വൃദ്ധന്മാരേയാണു് വരത്വേന പലപ്പോഴും ലഭിക്കാറുള്ളതു്. ഇങ്ങനെ അബലാജനങ്ങൾ നിത്യകന്യകാത്വേനയും, സപത്നീത്വേനയും വൃദ്ധഭാർത്തൃത്വേനയും അനുഭവിക്കുന്ന അരിഷ്ടങ്ങൾക്കു് ഒരവസാനവുമില്ല. കന്യകമാരേ വിവാഹംകഴിച്ചുകൊടുപ്പാൻ ചുമതലപ്പെട്ട നമ്പൂതിരിമാർ വരന്മാരെ കിട്ടാതെ അതിനുവേണ്ടി അത്യധികം ക്ലേശിക്കുന്നുമുണ്ടു്. നമ്പൂതിരിസമുദായത്തിലും മറു സമുദായങ്ങളിലെന്നപോലെ ഏകദേശം പുരുഷന്മാരും സ്ത്രീകളും സമമാണെങ്കിലും സ്വന്തം ജാതിയിൽ വിവാഹം കഴിക്കാവുന്നവർ, അഥവാ അങ്ങനെ ചെയ്യുന്നവർ, പുരുഷന്മാരിൽ നാലിലൊരുഭാഗം ഉണ്ടായിരിക്കുമോ എന്നു് സംശയമണു്. അതിനാൽ എല്ലാ കനിഷ്ഠന്മാരും സ്വജാതീയവിവാഹം തുടങ്ങുന്നതുവരെ ഈവക ബുദ്ധിമുട്ടുകൾക്കൊന്നും കുറവുണ്ടാകുവാൻ വഴിയില്ല.

(ന) കനിഷ്ഠന്മാർ സ്വജാതിയിൽ വിവാഹം കഴിക്കാത്തതുകൊണ്ടാണു് നമ്പൂതിരിമാരിൽ പലരും കാരണവസ്ഥാനം കിട്ടുന്നതുവരെ യാതൊരു ഉത്തരവാദിത്വവുംക്രടാതെ അലഞ്ഞുനടക്കുന്നതു്. എത്ര അംഗങ്ങൾ ഉള്ളൊരു തറവാടായാലും അവിടെ ഇരുന്നു് കുടുംബഭാരം ചെയ്യുന്നതു

LIBRARY ARCHIVES Kerala Legislative Assembly

ഒരാൾ മാത്രമായിരിക്കും. മറ്റുള്ളവരെല്ലാം തറവാടിനേക്കുറിച്ച് സ്നേഹമൊ ചുമതലബൊധമൊ ക്കടാതെ ഉഴന്നുനടക്കുന്നവരാണ്. ഈ തരക്കാരെ അവരുടെ ആലസ്യത്തിൽ നിന്നുട്ടീപിപ്പിക്കുവാൻ സ്വജാതിയിൽ വിവാഹം കഴിപ്പിക്കുകയും കുടുംബഭരണത്തിൽ ചില അധികാരബാദ്ധതകൾ ഉണ്ടാക്കിക്കൊടുക്കുകയുമാണ് ശരണമായിട്ടുള്ളത്. നമ്പൂതിരിസമുദായത്തിന്റെ അധഃപതനത്തിന് ഏറ്റവും പ്രധാനമായിട്ടുള്ള കാരണം അവരുടെ ഇന്നത്തെ വിവാഹസമ്പ്രദായമാണെന്ന് പറഞ്ഞാൽ കഴിഞ്ഞുവല്ലൊ.

(൬) കുടുംബഭരണത്തേപ്പറ്റി ആലോചിക്കുമ്പോൾ ഒന്നാമതായി ഓർമ്മവരുന്നത് കാരണവന്മാരേപ്പറ്റിയാണ്. ഇപ്പോഴത്തെ കാരണവസ്ഥാനം എന്നത് കടിഞ്ഞാൺ ഇല്ലാത്ത ഒരു കുതിരയുടെ മാതിരിയാണ്. കുടുംബഭരണാധികാരിയായ ഇന്നത്തെ ഒരു കാരണവനെ നിയന്ത്രിപ്പാനൊ, ശാസിപ്പാനൊ ലോകത്തിൽ യാതൊരു ശക്തിയും ഇല്ലെന്നുപറഞ്ഞാൽ അതൊട്ടും അതിശയോക്തിയാവുമെന്ന് തോന്നുന്നില്ല. ഒരു കുടുബത്തിലെ സ്വത്ത് മുഴുവൻ നിർദ്ദാക്ഷിണ്യം നശിപ്പിക്കുവാൻ അതിലെ കാരണവർക്ക് അധികാരവും സ്വാതന്ത്ര്യവും ഉണ്ടെന്നുതന്നെ പറയണം. കുടുംബാവശ്യം എന്നുള്ള വ്യാജേന ഏതു ദുർവ്യയങ്ങൾക്കും ഇന്നത്തെ കാരണവന് കടം വാങ്ങുവാൻ അധികാരമുണ്ട്. അയാൾക്ക് മറ്റാരേയും ക്രുദ്ധാക്കേണ്ടതില്ല. മറ്റൊരാളോടും കണക്ക് പറയേണ്ടതുമില്ല. കാരണവസ്ഥാനം കിട്ടുന്നതുവരെ ഉഴന്നുനടന്നിരുന്ന അയാൾക്ക് കുടുംബഭരണത്തേപ്പറ്റിയും ഭരണതന്ത്രത്തേപ്പറ്റിയും യാതൊരു ജ്ഞാനവും ഉണ്ടായിരിക്കയില്ലെന്നു പറയേണ്ടതില്ലല്ലൊ. അതിനാൽ അയാൾ പ്രായേണ ചിലകാര്യസ്ഥന്മാരുടെ പാവകളായിതീരുന്നു. അനന്തിരവനായിരുന്ന കാലത്തു സ്വപ്നം കണ്ടിരുന്ന അഭിലാഷപൂരണങ്ങൾക്കും അധികാരപ്രകടനങ്ങൾക്കും സഹായിക്കുന്ന ഒരാളാണ് കാര്യസ്ഥനെങ്കിൽ അയാൾ ഇല്ലാപൊളിച്ചുകൊണ്ടുപോയാൽ തന്നെ കാരണവന് വിരോധമുണ്ടാകയില്ല. പണയാധാരത്തിലായാലും അട്ടിപ്പേറാധാരത്തിലായാലും കാര്യസ്ഥൻ പറഞ്ഞാൽ കാര്യം മനസ്സിലാക്കാതെ ഒപ്പിടുവാൻ പല കാരണവന്മാരും എപ്പോഴും തയ്യാറാണെന്ന് താല്പര്യം. ഇങ്ങനേയുള്ള ഭരണാധികാരികൾ നിത്യം കാട്ടിക്കൂട്ടുന്ന വിക്രിയകൾക്ക് യഥാകാലം പരിഹാരമുണ്ടാക്കുക എന്നുള്ളതു പ്രത്യേകുടുംബങ്ങളിൽ ജനിച്ച പിച്ചക്കാരെന്നോ, ശുദ്ധമേ ഇരുന്നാഴിപ്രത്യക്കന്മാരെന്നോ സങ്കോചലേശംകൂടാതെ പറയാവുന്ന അനന്തിരവന്മാർക്ക് വിചാരിപ്പാൻപോലും കഴിയാത്ത ഭയങ്കരാവസ്ഥയാണ്. ധനശക്തിയോടുകൂടിയ അനന്തിരവന്മാരുള്ള തറവാടാണെങ്കിൽ അവിടെ ഗൃഹഛിദ്രം ഗൃഹത്തിൽ നിന്ന് കോടതികളിൽകൂടി കയറി ഇറങ്ങുന്നുണ്ടെന്ന് മാത്രമേ ഭേദമുള്ളൂ. അതില്ലാത്തിടത്തോ സ്വപ്നന്തം കുടുംബസ്വത്തെടുത്തു കണ്ടമാനം ചിലവഴിക്കുകയാണ് ചെയ്യുന്നത്. എത്രയോ സൌശീല്യവും സ്വജനസ്നേഹവുമുള്ള ഒരാളുണ്ടെങ്കിൽതന്നേയും ഇത്രമാത്രം നിരങ്കുശാധികാരങ്ങൾ അനുവദിക്കുവാൻ പാടില്ലാത്ത സ്ഥിതിക്ക് കാലാവലോകനശക്തിയോ, കാര്യാകാര്യവിവേക

LIBRARY ARCHIVES Kerala Legislative Assembly

മോ ഇല്ലാത്ത ഒരു ക്രട്ടരിൽ ഇങ്ങനേയുള്ള അധികാരസഹസ്രങ്ങളെല്ലാം സമർപ്പിച്ചു് ശേഷംപേർ അകത്തൊതുങ്ങികഴിഞ്ഞുകൂടേണമെന്നു് വരുന്നതു അന്യായമല്ലേ? കുടുംബാംഗങ്ങൾക്കെല്ലാം ഒരുപോലെ അവകാശപ്പെട്ട സ്വത്തു്, ഒരാൾതന്നേ ധൂർത്തടിച്ചു് ചിലവുചെയ്യുന്നതു കണ്ടു് മറ്റുള്ളവർ എത്രകാലം സഹിക്കും. വാസ്തവത്തിൽ കുടുംബകൈകാര്യകർത്താക്കന്മാർക്കു് കടിഞ്ഞാണിടുന്ന തരത്തിലുള്ള എന്തെങ്കിലും ചില നിയമങ്ങൾ ആവശ്യമാണെന്നു് ഇന്നു തോന്നിത്തുടങ്ങിയതല്ല. ഇതേവരെ ഇങ്ങിനേയൊന്നാവശ്യപ്പെടാതെ സമുദായാംഗങ്ങൾ സഹിച്ചും ക്ഷമിച്ചും കഴിച്ചുകൂട്ടിയതിലാണു് അത്ഭുതപ്പെടേണ്ടതു്.

(വ) എല്ലാവരും വ്യക്തിസ്വാതന്ത്ര്യത്തെ മോഹിക്കുകയും കൂട്ടുകുടുംബസമ്പ്രദായത്തെ ആദരിച്ചിരുന്നവർ പലരും ഭാഗാധികാരം അനുവദിക്കുകയും ചെയ്തവരുന്ന ഇക്കാലത്തു് നമ്പൂതിരിമാരും പ്രത്യേക കുടുംബങ്ങളെ സൃഷ്ടിക്കണം വർദ്ധിക്കാനും ആഗ്രഹിക്കുന്നതു് സ്വഭാവവിരുദ്ധമല്ലല്ലോ. സ്വസമുദായങ്ങളിൽ സ്വസ്വാതന്ത്ര്യത്തോടുകൂടിയ ഭാഗാധികാരം അനുവദിച്ചും അനുസരിച്ചും പോരുന്ന എന്റെ മാന്യസ്നേഹിതന്മാർക്കു് ഇടവിടാതേയുള്ള ഗൃഹഛിദ്രങ്ങളേയും തൻമൂലമുള്ള ധനനാശങ്ങളേയും പറ്റി അനുഭവിച്ചുറിവാനുള്ള നിർഭാഗ്യം കുറവായിരിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. കൂട്ടുകുടുംബങ്ങളിലെ കാരണവന്മാരുടെ അധികാരങ്ങളെ നിയന്ത്രണം ചെയ്യുന്ന നിയമങ്ങൾ പല സമുദായക്കാരും അടുത്ത കാലത്തു് ഉണ്ടാക്കിക്കാണുന്നതുതന്നേ ഈദ്ദോഷം കേരളത്തിൽ സർവ്വസാധാരണമായിട്ടുണ്ടെന്നു് തെളിയിക്കുന്നതാണു്. ഈ ദോഷം നമ്പൂതിരിമാരേയും നല്ലവണ്ണം ബാധിച്ചിട്ടുണ്ടു്. കാരണവന്മാരും അനന്തിരവന്മാരും തറവാട്ടഭരണമാകുന്ന പശുവിന്റെ കൊമ്പിലും വാലിലും കടന്നുപിടിച്ചുകൊണ്ടു എന്തായാലും വിടാതെ എന്നുമെന്നും അവകാശവാദം ചെയ്തുകൊണ്ടിരിക്കയും ധനശക്തിയാകുന്ന പാൽ മുഴുവനും കണ്ടവർ കറന്നുകൊണ്ടുപോവുകയും ചെയ്തിരുന്ന, സമ്പ്രദായം കൂട്ടുകുടുംബജീവികളെപ്പോലെ മറ്റാരും അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു് തോന്നുന്നില്ല. പതിനായിരം ഉറുപ്പികക്കുള്ള സ്വത്തോ പത്തു മെമ്പർമാരുമുള്ള ഒരു കുടുംബത്തിലെ ഓരോ അംഗവും പതിനായിരംഉറുപ്പികയുടെ ഉടമസ്ഥനാണെന്നു് നിർല്ലജ്ജം തെളിയുകയൊ, തറവാട്ടസ്വത്തു അട്ടിപ്പേറ് എഴുതാറാവുമ്പോൾ മാത്രമല്ലാതെ ഒരു അനന്തിരവന്റെ ഒപ്പിന്നു് ജീവിതദശയിൽ മറെറാരിക്കലും യാതൊരു വിലയുമില്ലെന്നുള്ള സമ്പ്രദായംകൊണ്ടു് കഷ്ടപ്പെടുകയൊ, ഭാഗസ്വാതന്ത്ര്യം ഉള്ളവരെ ഒഴിച്ചേ വേണ്ടിവരികയുള്ളുവെന്നു് നിശ്ചയമാണു്. പ്രത്യേകകുടുംബസമ്പ്രദായത്തെ ആദരിക്കുന്ന സമുദായക്കാരെല്ലാം പ്രകൃതിദത്തമായ പരസ്പരസ്നേഹവാത്സല്യങ്ങളുള്ള ഗൃഹനായകനും അയാളുടെ പ്രിയപ്പെട്ട ഭാര്യാസന്താനങ്ങളും ഉൾപ്പെടെ സൈരമായി സുഖജീവിതം നയിക്കുമ്പോൾ നമ്പൂതിരിമാരാകട്ടേ, കാളയേയും പോത്തിനേയും ഒരുമിച്ചു് കെട്ടിയ വണ്ടിയുടെ കഥപോലെ കുടുംബാംഗങ്ങളോടു് യാതൊരു മമതയും തൊട്ടുതെറിച്ചിട്ടില്ലാത്ത ഒരു കാരണവൻ ഒരു ഭാഗത്തും അയാളുടെ സ്വാർത്ഥപ്രവൃത്തികണ്ടു് കലികൊള്ളുന്ന കുറെ

LIBRARY ARCHIVES Kerala Legislative Assembly

നന്തിരുവന്മാർ മറുഭാഗത്തുമായി നിന്നുകൊണ്ടുള്ള സ്ത്രീകളും ഇവയുടെ യിടയിൽ കിടന്ന അനന്യശരണകളായി കഷ്ടപ്പെട്ടുവാൻ കാരണമായ അന്തർജ്ജനങ്ങളും ബാലികാബാലന്മാരും ക്രൂടിയ എത്രയോ അറിഞ്ഞുകൊണ്ടുള്ള ഒരു കുത്സിതജീവിതമാണ് പ്രായേണ അനുഭവിച്ചുവരുന്നത്. കാരണവസ്ഥാനത്തിനുള്ള അടിസ്ഥാനം വയസ്സുമൂപ്പു മാത്രമാണെന്നും ഈശ്വരദത്തമായ ആ ദുർല്ലഭയോഗ്യതയോടുകൂടി തൽസ്ഥാനത്തിരുന്ന് ചെയ്യുന്ന ശിക്ഷാരക്ഷകളെല്ലാം ഏതാണ്ടൊരു ഈശ്വരവിധിപോലെ അനന്തിരവന്മാർ അനുഭവിക്കേണ്ടതാണെന്നും മറുമുള്ള ഭരണകർത്താക്കന്മാരുടെ ദുരഭിമാനങ്ങളേയും തെറ്റിദ്ധാരണകളേയും അടിയോടെ പുഴക്കി എറിയുവാൻ കാലം അതിക്രമിച്ചിരിക്കുന്നു. മറുകുടുംബാംഗങ്ങളെ സംബന്ധിച്ചും അവക്ക് ചില മുതലകളും കർത്തവ്യങ്ങളും നിബന്ധിതമായിട്ടുണ്ടെന്നും അവയുടെ നിർവ്വഹണം കൊണ്ട് മാത്രമെ തങ്ങളുടെ സ്ഥാനം സുരക്ഷിതമായിരിക്കയുള്ളുവെന്നും ഇന്നത്തേയും എന്നത്തേയും കാരണവന്മാർ നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാണെല്ലൊ. അതിന് ഈ ബില്ലിലേ വ്യവസ്ഥകൾ പര്യാപ്തമാകുമെന്ന് വിശ്വസിക്കുന്നു.

ഞാൻ ഇപ്പോൾ ഇവിടെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഈ ബില്ലിൽ സാധാരണ ഒരു കുടുംബകരാറിന്റെ രൂപത്തിലുള്ള വ്യവസ്ഥകൾ മാത്രമെ സംഘടിപ്പിച്ചിട്ടുള്ളു എന്ന് കാണാവുന്നതാണ്. പക്ഷേ തമ്മിൽ തല്ലി കോടതി കയറി തറവാട്ടുസ്വത്തിൽ വലിയൊരു പങ്കു നശിപ്പിച്ച് കടവും കോളും അവസാനിക്കുമ്പോഴെ പലർക്കും ഇങ്ങിനെയൊരു കരാറു ഉണ്ടാക്കാമെന്നുള്ള സൽബുദ്ധി തോന്നിത്തുടങ്ങുക പതിവുള്ളൂ. ഈ കരാർ രാജ്യത്തുള്ള എല്ലാ കുടുംബങ്ങളേയും ബാധിക്കുന്നതാകകൊണ്ട് മേലാൽ ഛിദ്രത്തിനും നാശത്തിനും അവകാശമുണ്ടാകയില്ലെന്നും ഓരൊ തറവാട്ടിലേയും ഭരണകർത്താക്കന്മാരും ഭരണീയന്മാരും അവരവരുടെ അധികാരാവകാശങ്ങളെപ്പറ്റി ഇന്നത്തെപ്പോലെ അസംബന്ധങ്ങളായ തെറ്റിദ്ധാരണകൾക്കൊന്നും വശംവദരാകാതെ സൈരജീവിതം നയിക്കുമെന്നും ന്യായമായി വിശ്വസിക്കാവുന്നതാണ്.

ഈ കരടുലേഖനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ അറിവാനായി ഇതിന്റെ കോപ്പികൾ അന്യ സമുദായാംഗങ്ങളായ പലേ മാന്യന്മാർക്കും, നിയമജ്ഞന്മാർക്കും, വർത്തമാനപത്രക്കാർക്കും അയച്ചുകൊടുത്തിട്ടുണ്ടായിരുന്നു. അങ്ങിനെ കിട്ടിയ അഭിപ്രായങ്ങളും പ്രസ്തുത നിയമനിർമ്മിതിയെ നല്ലവണ്ണം അനുകൂലിച്ചുകൊണ്ടാണ് കണ്ടിട്ടുള്ളതെങ്കിലും ഈ ബിൽ ഒരു സിലക്ട കമ്മറ്റിയെ ഏല്പിക്കുവാനാണ്, ഞാൻ ആഗ്രഹിക്കുന്നത്. ബ്രിട്ടീഷ് മലബാറിലേയും, തിരുവിതാംകൂറിലേയും നിയമസഭാസാമാജികന്മാരായ നമ്പൂതിരി മെമ്പർമാർ ഈ ബില്ലിലെ മൂലതത്വങ്ങളനുസരിച്ചുള്ള ഓരോ ബിൽ അടുത്ത ഘട്ടത്തിൽ തന്നെ ആ സഭകളിൽ ഹാജരാക്കുവാൻ വേണ്ട പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്ന് സംഗതിയും ഈ നിയ

LIBRARY ARCHIVES Kerala Legislative Assembly

മത്തിന്റെ ആവശ്യകതയെ തെളിയിക്കുന്നുണ്ട്. ഇങ്ങിനെ ഏതുവിധം നോക്കിയാലും നമ്പൂതിരിമാക്ക് ശ്രേയസ്കരവും അത്യന്താപേക്ഷിതവുമായ ഈ നിയമം ആത്യമായി ഈ സഭയിൽ ഹാജരാക്കുവാൻ സാധിച്ചതു പോലെ ഇതു പാസ്സാക്കി നടപ്പിൽ വരുത്തുവാൻ കൂടി കഴിയുന്ന വേഗം സാധിക്കുമെന്ന് വിശ്വസിക്കുകയും, അതിലേക്ക് ഈ സഭയുടെ അനുകമ്പയോട് കൂടിയ ശ്രദ്ധയെ സബഹുമാനം സമാശ്രയിക്കയും, ഈ ബിൽ നിയമസഭയുടെ ആലോചനയ്ക്ക് ഇതുയും വേഗം വിഷയമാക്കുവാൻ അനുവദിച്ച ഗവർമ്മെണ്ടിനോട് നമ്പൂതിരി സമുദായത്തിന്നുള്ള നന്ദിയെ പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ട് ഈ പ്രസംഗത്തെ ഉപസംഹരിക്കുന്നു.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.—നമ്പൂതിരി കുടുംബത്തെ ഉദ്ദേശിച്ചു അനുവദിപ്പാൻ ഭാഗ്യമുണ്ടായതിൽ എനിക്ക് പ്രത്യേക സന്തോഷത്തിന്നു വകാശമുണ്ട്. യോഗക്ഷേമ സഭ നിർദ്ദേശിച്ചിട്ടുള്ളതും ബിൽകർത്താവ് ഉദ്ദേശകാരണങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതുമായ മൂലതത്വങ്ങളിൽ വിശേഷബുദ്ധിയൊന്നേറെടമൊ ഉള്ള സമുദായാംഗങ്ങൾക്കെങ്കിലും ഭിന്നാഭിപ്രായത്തിന്ന് ന്യായമായ കാരണമില്ല. അന്യന്മാരുടെ അധികാരങ്ങളേയും അവകാശങ്ങളേയും അന്യായമായി അധീനമാക്കി സ്വാർത്ഥം പൂരണം ചെയ്യുവാൻ കൊതിക്കുന്ന ചിലക്ക് ഈ ബിൽ തൃപ്തികരമാകയില്ലെന്ന് എനിക്കറിയാം. പക്ഷേ ആശാസ്യമല്ലാത്ത ഈ അഭിലാഷങ്ങളേയും തദനുസാരമായ പ്രവൃത്തികളേയും ഈ പരിഷ്കൃതലോകം ഇനിയും കൊണ്ടാടുകയില്ലെന്നുള്ളതു തീച്ച് തന്നെ. ജന്മനാ സിദ്ധമായ മനുഷ്യത്വം മറ്റു സമുദായക്കാക്കെന്നപോലെ നമ്പൂരിമാക്കും കാരണവന്മാരേക്കാൾ കുറയാതെ അനന്തിരവന്മാക്കും ജ്യേഷ്ഠപുത്രന്മാക്കെന്നപോലെ കനിഷ്ഠന്മാക്കും അതാവശ്യമാകയില്ലല്ലൊ.

ഞാൻ എന്റെ തറവാട്ടിന്റെ കാരണവനും കൈകാര്യകർത്താവുമാണ്. എനിക്ക് പ്രായം തികഞ്ഞവരായി മൂന്ന് അനന്തിരവന്മാരുണ്ട്. കുടുംബകാര്യങ്ങളെക്കുറിച്ച് റെസ്പോൺഷനിൽ പറഞ്ഞിട്ടുള്ളതിലും കവിഞ്ഞ സ്വാതന്ത്ര്യങ്ങൾ കുറെ കൊല്ലങ്ങൾക്ക് മുമ്പ് തന്നെ ഞാൻ അവക്ക് കൊടുത്തിട്ടുണ്ട്. (*Hear, hear*) ഇതു മാതിരി അഥവാ ഇതിന്റെ ഒരു ശതാംശമെങ്കിലും മിക്ക കാരണവന്മാരും അവരുടെ അനന്തിരവന്മാക്ക് അനുവദിക്കുന്നില്ല. അതിനാൽ പരസ്പര സൌഹാർദ്ദമുള്ള അംഗങ്ങളാൽ പരിലസിക്കുന്ന ഗൃഹശ്രീ നീങ്ങാത്ത നമ്പൂതിരി കുടുംബങ്ങൾ അഞ്ചു ശതമാനമുണ്ടാകുമൊ എന്ന് സംശയമാണ്. മിക്ക നമ്പൂതിരി കുടുംബങ്ങളും നശിക്കുന്നതു ഭരണകർത്താക്കന്മാരുടെ ദുർഭരണം കൊണ്ടാണെന്ന് തെളിയിക്കുവാൻ ഒരു പ്രയാസവുമില്ല. അനന്തിരവന്മാരെ അകറ്റി നിർത്തി കാര്യസ്ഥന്മാരുടെ വാലിൽ തൂങ്ങുന്നവരായിട്ടാണ് മിക്ക യഥാസ്ഥിതികന്മാരെയും കാണുന്നതു്. (*Hear, hear*) തറവാട്ടിന്ന് വേണ്ടി പ്രയത്നിക്കുന്ന അനന്തിരവന്മാർ നമ്പൂതിരി സമുദായത്തിൽ ഇത്ര കുറവാകുവാനും അവർ നിരുത്തരവാദികളായി അലഞ്ഞുനടപ്പാനും കാരണം ഇന്നത്തെ കുടുംബഭരണ രീതിയാണെന്നുള്ളതിന്ന് വാദമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(*Hear, hear*) ഈ വക ദോഷങ്ങളെ പരിഹരിപ്പാൻ നമ്മുടെ ആലോചനാവിഷയമായ ബിൽ ഉപകരിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

സജാതിയവിവാഹം സാവ്ത്രികയാക്കുവാൻ ഈ ബിൽ ധാരാളം പര്യാപ്തമാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ബിൽകർത്താവു് നമ്പൂതിരി യുവാക്കന്മാരുടെ സമുദായബോധത്തെ അവലംബിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഈ സംഗതിയിൽ ഇതിലധികം ചെയ്യേണ്ട ആവശ്യമില്ല. വേളി കഴിപ്പാൻ ആഗ്രഹവും ഒരുക്കവുമുള്ള കനിഷ്ഠന്മാക്കു് ഉണ്ടായേക്കുവാൻ ഇടയുള്ള ചില പ്രതിബന്ധങ്ങളെ അദ്ദേഹം പരിഹരിച്ചിട്ടുണ്ടു്. കനിഷ്ഠ സാധാരണമായ വിവാഹം ശാസ്ത്ര സമ്മതവും അവർണ്ണാവിവാഹം ശാസ്ത്ര നിഷിദ്ധവുമാണെങ്കിലും തെറ്റിദ്ധരിച്ചു് പരിഭ്രമിക്കുന്ന യാഥാസ്ഥിതികന്മാക്കു് കൂടി ആക്ഷേപമുണ്ടാകുവാൻ വഴിയില്ലാത്ത വിധമാണു് ബിൽകർത്താവു് ഇതിലെ മൂന്നാമദ്ധ്യായം എഴുതിട്ടുള്ളതു്. ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളൊന്നും തന്നെ ആരെയും വിവാഹം കഴിപ്പാൻ നിർബന്ധിക്കുകയോ ഉപദേശിക്കയോപോലുമൊ ചെയ്യുന്നില്ല. യഥാസ്ഥിതികന്മാരായ ദുർല്ലഭം ചില ആചാരപക്ഷവാതികൾ ഈ സംഗതി അറിയാത്തതു കൊണ്ടാണു് ബിൽ സാവധാനമായി വായിച്ചു് മനസ്സിലാക്കാതെ ഭയപ്പെടുന്നതു്. ആചാരാനുഷ്ഠാനങ്ങൾക്കു് ഈ ബിൽ ബാധകമാകുന്നില്ലെന്നു് അനുഭവപ്പെട്ടാൽ അവരും ഇതിനു് സ്വാഗതം പറയുവാൻ തയ്യാറാവും. അതിനാൽ കനിഷ്ഠ സാധാരണമായ സജാതീയ വിവാഹത്തിന്റെ ആവശ്യകതയേയും ആശാസ്യതയേയും പറ്റി ഈ അവസരത്തിൽ അധികം ദീർഘമായി ആലോചിക്കേണ്ടതില്ല. നമ്പൂതിരി യുവജനങ്ങൾക്കു് സജാതീയവിവാഹം കഴിപ്പാൻ ആചാരസംബന്ധമായി ഇപ്പോഴും യാതൊരു വിരോധവുമില്ല. അവിവാഹിതകളായും കിഴവന്മാരുടെ മൂന്നാമത്തേയും നാലാമത്തേയും ഭാര്യമാരായും മറ്റും കണ്ണീരും കയ്യുമായി കാലയാപനം ചെയ്യുന്ന സഹോദരിമാരിൽ അനുകമ്പയുണ്ടെങ്കിൽ മാനമായും മര്യാദയായുംതാം പത്യജീവിതം നയിപ്പാൻആഗ്രഹിക്കുന്നുണ്ടെങ്കിൽ ചോറും കൂറും ഭിന്നിച്ചു് രണ്ടു തോണിയിലും കാലുംവെച്ചു് ജീവിപ്പാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ സമുദായ സ്നേഹവും ഉത്തരവാദിത്വ ബോധമുണ്ടെങ്കിൽ യുവാക്കന്മാക്കു് ഇപ്പോഴും ഇനിയും സ്വതന്ത്രജാതിയിൽ വേളികഴിക്കാം. അങ്ങിനെ ചെയ്യുന്നവക്കു് ആവശ്യമായ ചില സൌകര്യങ്ങളും ഈ ബിൽമൂലം ഉണ്ടാകുന്നുണ്ടു്.

It being 2 p. m. the Council rose for lunch. It resembled at 3 p. m.

മിസ്റ്റർ ടി. എൻ. ഇട്ടിരവി നമ്പൂതിരി.—എത്രവലിയ കുഡുംബങ്ങളിൽ ജനിച്ചാലും അനന്തിരവന്മാർ പ്രായേണ ദരിദ്രന്മാരാണു് അനന്തിരവന്മാക്കു് തറവാട്ടിൽനിന്ന മേഞ്ചിലവിന്നു് കൊടുക്കുന്ന കുഡുംബങ്ങളും അധികമില്ല. രണ്ടുനേരത്തെ ഭക്ഷണംമാത്രം കഷ്ടിച്ചു് കുഡുംബങ്ങളിൽനിന്നു് കിട്ടാവുള്ള അനന്തിരവന്മാരാണു് നമ്പൂ

LIBRARY ARCHIVES Kerala Legislative Assembly

രി സമുദായത്തിൽ അധികം ഉള്ളത്. വിദ്യാഭ്യാസത്തിന്റെ കായ്വും മ റും പിന്നെ പായേണ്ട ആവശ്യമില്ലെല്ലൊ. വിദ്യയില്ലാ, തൊഴിൽ അ റിഞ്ഞുകൂടാ, പണമില്ല, ചുമതലാബോധമില്ല, സുഖലോലുപന്മാരാണ് ഇങ്ങിനെയുള്ള അലഞ്ഞുനടക്കുന്ന യുവാക്കന്മാരെപററി ഗാഡമായി ആ ലോചിക്കേണ്ടതായിട്ടുണ്ട്. ഇവരിൽ പലർക്കും പച്ചപ്പുരപ്പുകാരികളായി നടന്നാൽ കൊള്ളാമെന്നുണ്ട്. ഭാര്യക്കും മക്കൾക്കും ഒന്നും കൊടുക്കുവാൻ കഴിയാഞ്ഞിട്ടുള്ള സങ്കടം അങ്ങിനെ-എന്തിനു? ഇങ്ങിനെ ഇഹലോകന രകാ അനുഭവിക്കുന്ന ക്രൂരരാണ് ഒരു കാലത്തു് കാരണവസ്ഥാനത്തെത്തു ന്നത്. അവർ അതുവരെ അനുഭവിച്ചിട്ടില്ലാത്ത കുടുംബസ്വത്തിന്റെ ആധിപത്യവും ചിരകാലപ്രാർത്ഥിതങ്ങളായ അഭിലാഷപൂരണത്തിനു് അ വസരവും എല്ലാംകൂടി സഫലീഭവിച്ചു് കഴിഞ്ഞാലുണ്ടാകുന്ന ഫലങ്ങളാണു് ഇ ന്നു് മിക്ക നമ്പൂതിരിഗൃഹങ്ങളിലും കാണുന്നതു്. ഈ വക ദോഷങ്ങൾ ക്കു് ആദായവിഭാഗം പ്രതിവിധിയാകുമെന്നാണു് എന്റെ വിശ്വാസം. കുടുംബ ഭരണത്തിൽ എല്ലാ കാലത്തും എല്ലാ അനന്തരവന്മാർക്കും ചില അന്വേഷണമൊ അധികാരാവകാശങ്ങളൊ ഉണ്ടാകുവാനും ഈ ഏർപ്പാ ടു് ഉപകരിക്കാതിരിക്കയില്ല.

നമ്പൂതിരിമാരുടെ പിന്തുടർച്ചാവകാശം ഏററവും അവ്യവസ്ഥിതമാണു്. അതു് ഓരൊ ഗൃഹത്തിലും ഓരൊ പ്രത്യേകരീതിയിലാണെന്നുവേണം പറ യുവാൻ. സ്വയാർജ്ജിത സ്വകാര്യസ്വത്തുക്കൾ സമ്പാദകന്റെ കാല ശേഷം ചിലടിക്കിൽ തറവാട്ടിലേക്കു് തുങ്ങുന്നു. ചിലടിക്കിൽ മക്കൾ ക്കൊ അനന്തരന്മാക്കൊ തുങ്ങുന്നു. ചിലേടത്തു് സംവത്സരദീക്ഷകഴിച്ച വക്കാണു്. ഇങ്ങിനെ പല സമ്പ്രദായങ്ങളും നമ്പൂതിരി സമുദായത്തിൽ കാണുന്നുണ്ടു്. വ്യവസ്ഥയില്ലായ്മനിമിത്തം പലടിക്കിലും വ്യവഹാരങ്ങ ളും കുഴപ്പങ്ങളും വന്നുകൊണ്ടിരിക്കുന്നു. പെരുമനത്തു് പടിഞ്ഞാറേടത്തു് ഭട്ടതിരിപ്പാട്ടിന്റെ ഇല്ലത്തുള്ളവർ പിന്തുടർച്ചാവകാശത്തെപററി പ്രമാദ മായി നടത്തിയ വ്യവഹാരത്തിന്റെ അവസാനത്തീർപ്പു ചെയ്യേണ്ടഭാരം ഈ പ്രസിഡേണ്ടിന്നുതന്നെ നേരിട്ടിട്ടുണ്ടു്. ഇദ്ദേഹവും മറു ജഡ്ജിമാരും നമ്പൂതിരിമാരായ സാക്ഷികളെ വിസ്തരിച്ചു് രേഖപ്പെടുത്തീട്ടുള്ള നടപടി സമ്പ്രദായങ്ങളും മറവും നമ്പൂതിമാരുടെ പിന്തുടർച്ചാവകാശത്തിന്റെ പൈവഭ്യത്തിന്നു് ദൃഷ്ടാന്തങ്ങളാകുന്നു. എല്ലാ സമുദായക്കാരും പ്രായേ ണ സ്വീകരിച്ചിട്ടുള്ളതും യുക്തിയുക്തവുമായ ഒരു അവകാശക്രമത്തെയാ ണു് ബിൽ കരട്ടാവു് അവതരിപ്പിച്ചിട്ടുള്ളതു്.

ഇങ്ങിനെ ഏതുവിധം ആലോചിച്ചാലും ഈ ബിൽ നമ്പൂതിരിസമു ദായത്തിന്നു് ഏററവും സമയോചിതമായ ഒരുത്യാവശ്യമാകുന്നു. മറെറ ല്ലാ സമുദായക്കാരും അവർക്കു് പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുന്നതുകൊ ണ്ടു് അതിനെ അനുകരിക്കുകയല്ല ഞങ്ങൾ ചെയ്യുന്നതു്. സമുദായത്തെ എത്രയും ദ്രുതഗതിയിൽ അധഃപതിപ്പിക്കുന്ന വിപരീതശക്തികളെ തട യുവാൻ നമ്പൂതിരിസമുദായത്തെ സഹായിക്കേണമെന്നാണു് ഗവർമ്മേണ്ടി നോടും കൌൺസ്സിൽ മെമ്പർമാരോടും ഞങ്ങൾ അപേക്ഷിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

(*Hear, hear*) നമ്പൂതിരിമാർ ന്യൂനപക്ഷക്കാരാണ്. അവക്ക് പ്രത്യേക പ്രതിനിധ്യം ഇല്ലാ. അവരുടെ ആവലാതികൾ ഭരണാധികാരികളെ യഥാവസരം ബോധിപ്പിക്കുവാൻപോലും അവക്ക് കായ്ബോധമില്ല. ഇതൊക്കെ ഗവർമ്മേണ്ടും ബഹുമാനപ്പെട്ട മെമ്പർമാരും മനസ്സിലാക്കി നമ്പൂരി സമുദായത്തിന്റെ പ്രാതിനിധ്യം പൂർണ്ണമായും വഹിക്കുന്നുണ്ടെന്ന് എങ്ങും ഉച്ചത്തിൽ പ്രസ്താവിക്കാവുന്ന യോഗക്ഷേമസഭയുടെ ആജ്ഞയെ അനുസരിച്ചു ചെറുതുരുത്തി സാമാജികൻ അവതരിപ്പിച്ചിട്ടുള്ള കുടുംബ ബില്ലിനെ എല്ലാ സാമാജികന്മാരും അനുവദിക്കേണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഒരു റെസ്ലേഷനെപ്പറ്റി എനിക്ക് രണ്ട് വാക്ക് പറയാനുണ്ട്. റെസ്ലേഷൻ അവതരിപ്പിച്ചിരിക്കുന്ന മെമ്പർ യോഗക്ഷേമ സഭയിലെ ഒരു പ്രധാനിയും, പ്രമാണിയും ആയ അംഗമാണെങ്കിലും ആ സഭ നമ്പൂതിരി സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നില്ലെന്നുള്ളതിന് പലേ ലക്ഷ്യങ്ങളും വെളിവായിട്ടുണ്ട്. അതിൽ ഒന്നാണ ഇതു്. "കൊച്ചി, മലബാർ, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിലെ പ്രമാണികളായ അനേകം നമ്പൂതിരി കാരണവന്മാരും, കൈകാര്യക്കാരും ഒപ്പിട്ടിരിക്കുന്നതും താഴെ ചേർത്തിരിക്കുന്നതുമായ ഹർജി—മഹാരാജമാന്യ രാജശ്രീ ദിവാൻജി അവർകളുടെ സമക്ഷത്തിങ്കൽ താഴെ പേരെഴുതി ഒപ്പിടുന്നവർ ബോധിപ്പിക്കുന്ന ഹർജി—

നമ്പൂതിരി യോഗക്ഷേമ സഭയുടെ പ്രവർത്തകന്മാരെന്നു നടിച്ചു് നമ്പൂതിരി സമുദായത്തിൽ ഉത്തരവാദിത്വമില്ലാത്ത സ്ഥിതിക്കളായ ചില നമ്പൂതിരിമാർ കൂടി സത്യാദിശാസ്ത്രാനുസൃതങ്ങളായ സമുദായാചാര നടപടികളെ തിരുത്തിച്ചും ധിക്കരിച്ചും ഒരു നമ്പൂതിരി കുടുംബ റെസ്ലേഷൻ ഉണ്ടാക്കിത്തീർത്തു് നടപ്പിൽ വരുത്തുവാനായി ഗവർമ്മേണ്ടിനെക്കൊണ്ടു സ്വീകരിപ്പിക്കുവാൻ ന്യായമല്ലാത്ത വിധത്തിൽ ശ്രമിച്ചുവരുന്നതായറിയുന്നു. പ്രസ്തുത റെസ്ലേഷൻ ഗവർമ്മേണ്ടിൽ അംഗീകരിച്ചു് നടപ്പിൽ വരുത്തുന്നപക്ഷം, നമ്പൂതിരി സമുദായത്തിന്റെ മതപ്രതിപത്തിയിൽനിന്നും സമുദായാചാരത്തിൽ നിന്നും, സാമ്പത്തികാവസ്ഥയിൽ നിന്നും അധഃപതിച്ചു് തീരെ നാമാവശേഷമാക്കുവാൻ സംഗതിയുള്ളതുമാകുന്നു. അതുകൊണ്ടു് ഗവർമ്മേണ്ടിൽ മേല്പറഞ്ഞ റെസ്ലേഷനെ ഏതു നിലയിലും അംഗീകരിക്കാതിരിക്കുവാൻ അപേക്ഷിച്ചുകൊള്ളുന്നു."

മിസ്റ്റർ കപ്പിങ്ങാട്ടു് ശങ്കരൻ നമ്പൂതിരി.—ഒരു ഹർജി മുമ്പു് ഗവർമ്മേണ്ടിൽ സമർപ്പിച്ചിട്ടുള്ളതോ, ഇപ്പോൾ സമർപ്പിക്കാനായി കൊണ്ടുവന്നതൊ?

പ്രസിഡെണ്ടു്—ഒരു ഹർജി എങ്ങിനേയാണു് ഉണ്ടായതു?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതു് പല നമ്പൂതിരിപ്രമാണികളും കൂടി വർത്തമാനക്കടലാസിൽ പ്രസിദ്ധംചെയ്തു കണ്ടതാണു്.

പ്രസിഡെണ്ടു്.—ഈ ഹർജി മുമ്പു ഗവർമ്മേണ്ടിൽ ബോധിപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ബോധിപ്പിച്ചിട്ടുണ്ടെന്നു ഇതിൽ പറയുന്നുണ്ട്.

മിസ്റ്റർ കപ്പിങ്ങാട്ടു ശങ്കരൻനമ്പൂതിരി.—കടലാസിൽ കണ്ടതു് എല്ലായ്പ്പോഴും പ്രമാണമായി കരുതിക്കൂട്ടുന്നതല്ല. ചില കാര്യസ്ഥന്മാർ പരിഭ്രമിച്ചു് കാരണവന്മാരുടെ പേരുവച്ചു് ഈയിടെയായി അനവധി വത്തമാനക്കടലാസുകളിലേക്കു് ഒരാ റെഗുലേഷനു് വിപരീതമായി എഴുതി അയക്കുന്നതായിട്ടു് എനിക്കു് പൂർണ്ണ അറിവുണ്ടു്.

പ്രസിഡെണ്ടു്.—മിസ്റ്റർ കപ്പിങ്ങാട്ടു് ശങ്കരൻനമ്പൂതിരി പറയുന്നതു് ഒരാ ഹർജി വാസ്തവമായിട്ടുള്ളതല്ലെന്നാണു്. ഒരാ ഹർജി എവിടെനിന്നു കിട്ടി (ചിരി).

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ കടലാസിൽ നിന്നു് വെട്ടിക്കൊണ്ടുവന്നതാണു്. പലേ പ്രമാണികളുടേയും പേരാണു് അതിൽ കാണുന്നതു്.

പ്രസിഡെണ്ടു്.—ആരുടെയെല്ലാം പേരാണു്?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ പേരൊന്നും കൊണ്ടുവന്നിട്ടില്ല (ചിരി).

പ്രസിഡെണ്ടു്.—ഗവർമ്മെണ്ടിനു ഒരാ മാതിരി ഒരു ഹർജി കിട്ടിയതായി ഞാൻ ഓർക്കുന്നില്ല.

മിസ്റ്റർ എ. ബി. സേലം.—ഇതിവിടെ വായിക്കുന്നതിനു് വല്ല നമ്പൂതിരിമാരും ബഹു. മെംബരോടു് ആവശ്യപ്പെട്ടോ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അവർ ഇവിടെ ഒരു ഹർജികൊണ്ടുതന്നിരുന്നു. പക്ഷെ സമർപ്പിക്കാൻ തരപ്പെട്ടില്ല.

പ്രസിഡെണ്ടു്.—അതെന്താണു്?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതു് ധർമ്മസ്ഥാപനബില്ലിനെസംബന്ധിച്ചായിരുന്ന പ്രധാനമായി ഉദ്ദേശിച്ചിരുന്നതു. ഇക്കാര്യവും പറയുന്നുണ്ടു്.

ഇതിനുപുറമെ ഈയിടെ ശുകപുരത്തു വച്ചുകൂടിയ യോഗക്ഷേമ സഭയുടെ ഒരു ഉപസഭയുടെ വാർഷികയോഗത്തിൽ "ഒരാ റെഗുലേഷൻ നമ്മുടെ മസ്തകത്തിൽ അംഗീകരിക്കാൻ പാടില്ലെന്നും തള്ളിക്കളയേണ്ടതാണെന്നും, ഭൂരിപക്ഷാഭിപ്രായപ്രകാരം തീർപ്പു പാസ്സായിരിക്കുന്നു. ഒരാ തീർപ്പ് ഒരാ റെഗുലേഷന്റെ കർത്താവും, അന്നത്തെ സഭാദ്ധ്യക്ഷനുമായിരുന്ന മിസ്റ്റർ ശങ്കരൻനമ്പൂതിരി ഈ തീരുമാനത്തെപ്പറ്റി കൊച്ചിഗവർമ്മെണ്ടിനും നിയമസഭാ മെംബർമാർക്കും അറിവുകൊടുക്കേണ്ടതാണെന്നും കൂടി തീർച്ചപ്പെടുത്തിട്ടുണ്ടു്. അപ്രകാരം എനിക്കു് യാതൊരറിവും തന്നിട്ടില്ലാത്തതുകൊണ്ടു് മറ്റു സഭാംഗങ്ങൾക്കും ഗവർമ്മെണ്ടിനും കൂടി കൊടുത്തിട്ടില്ലെന്നു് വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൂർവ്വാചാര നടപടികളെ ബഹുമാനിച്ചും ആദരിച്ചും വരുന്ന സമുദായത്തിലെ കാരണവന്മാർക്കും വയോവൃദ്ധന്മാർക്കും വിരോധമായ ഇങ്ങനത്തെ ഒരു റെഗുലേഷൻ പാസ്സാക്കുന്നതു് എത്രയും ആപൽക്കരമായിരിക്കും എന്നതിനു് ഇന്നലത്തെ മിശ്രഹോസ്റ്റൽ പ്രമേയത്തിനു് ഒരം കൌൺസിലിലെ ചെറുപ്പക്കാരായ രണ്ടു നമ്പൂതിരി അംഗങ്ങളും വോട്ടുചെയ്തതുതന്നെ സാക്ഷ്യം വഹിക്കുന്നുണ്ടു്.

വിശിഷ്യാ നമ്മുടെ കൊച്ചി രാജകുടുംബത്തിലെ പിതൃസ്ഥാനം എത്രയും ഗൌരവമായി വഹിക്കുന്ന ഒരം സമുദായത്തെ സംബന്ധിക്കുന്ന ഏതു റെഗുലേഷനും എത്രയും ഗാഢമായ ശ്രദ്ധയോടുകൂടി ആലോചന ചെയ്യേണ്ടതാണെന്നു് രാജഭക്തന്മാരായ ഒരം സഭയിലെ അംഗങ്ങൾ പ്രത്യേകം ധരിക്കേണ്ടതാണു്.

നമ്പൂതിരി യോഗക്ഷേമ സഭ നമ്പൂതിരി സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കാത്തതുകൊണ്ടും അതിൽതന്നെ ഭിന്നാഭിപ്രായം ജനിപ്പിച്ചു് യോഗക്ഷേമത്തിനുപകരം ലൊകക്ഷോഭം ഉണ്ടാക്കുന്നതുകൊണ്ടും ഒരംബിൽ എത്രയും ഗാഢമായ ശ്രദ്ധയൊടുകൂടി ആലൊചിക്കേണ്ടതാണു്.

എന്റെ നിയോജക മണ്ഡലത്തിലുള്ള അനേകം നമ്പൂതിരി ശ്രേഷ്ഠന്മാർ ആലോചനയിലുള്ള റെഗ്രഷേന്നു് തീരെ വിരോധികളാണെന്നും, എനിക്കു് നല്ലവണ്ണം അറിയാറായിട്ടുണ്ടു്. എങ്കിലും സമുദായത്തിന്റെ ക്രമോന്മുഖമായ ശ്രേയസ് ഈ ബില്ലിനാൽ ഉണ്ടാകുമെന്നു് ചിലർക്കു് തോന്നീട്ടുണ്ടെങ്കിൽ അതിനെപ്പറ്റി വിചിന്തനം ചെയ്യുന്നതിനു് ഒരു സെലക്റ്റ കമ്മറ്റിമൂലമല്ലാതെ തരമില്ലല്ലൊ? അതുകൊണ്ടു് ചുമതലപ്പെട്ടവരും നമ്പൂതിരി സമുദായത്തിലെ കാര്യങ്ങൾ നല്ലവണ്ണം പരിചയമുള്ളവരും ആയ ഈ സഭയിലെ അംഗങ്ങളെ സൂക്ഷ്മദൃഷ്ട്യാ തിരഞ്ഞെടുത്തു് സെലക്റ്റ കമ്മറ്റിയെ രൂപീകരിക്കേണ്ടതുണ്ടു്. സാധാരണ ചുമതലകൾക്കു പുറമെ നമ്പൂതിരി കുടുംബങ്ങളിലെ എല്ലാ കാരണവന്മാരെയും; വാദ്ധ്യാർ, വൈദികൻ തുടങ്ങിയ എല്ലാ കർമ്മികളേയും; പ്രത്യേകം വിസ്തരിച്ചു് അവരുടെ അഭിപ്രായങ്ങൾ രേഖപെടുത്തുന്നതിനു് കമ്മറ്റിയെ വിശിഷ്യാ ഭാരമേല്പിക്കേണ്ടതുണ്ടു്.

Mr. A. B. Salem.—We have not touched on the points to be referred to the Select Committee.

President.—Any member wishing to speak on the Bill?

ശ്രീമതി ടി. മാധവി അമ്മ.—സജാതീയ വിവാഹം നടപ്പിൽ വരുത്താനും സ്വത്തിന്റെ അവകാശക്രമം സ്ഥാപിക്കാനുമാണു് ഇങ്ങിനെ ഒരു നിയമത്തിന്റെ ആവശ്യം എന്നാണു് നമ്പൂതിരി കുടുംബ ബില്ലു് കൊണ്ടുവന്ന മെമ്പർ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായും അവസാനമായും ഈ ബില്ലിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത് ഇതിൽ ചേർത്തുകാണുന്നതായ ''സജാതീയ'' എന്ന നാലക്ഷരം ആവശ്യം കൂടാതെ ചേർത്തിട്ടുള്ളതാണെന്നാണ്.

സജാതീയ വിവാഹം സാർവ്വത്രികമാവണമെന്ന് ഒരു നിർബ്ബന്ധം അവരുടെ സമുദായോന്നതിക്ക് അത്യന്താപേക്ഷിതമാണെന്ന കണ്ടത് എപ്പോൾ മുതല്ക്കാണ്? അങ്ങിനെകണ്ട സ്ഥിതിക്ക് ആ സമുദായത്തിന്റെ പ്രാബല്യവും പ്രാമുഖ്യവുമേറിയ പ്രതിനിധ്യത്തെ വഹിക്കുന്ന യോഗക്ഷേമ സഭയും അതിന്റെ മുഖപത്രത്തിൽ പരമുള്ള ഉപസഭകളും കൂടി ഈ സാഗതിക്ക പാസ്സാക്കിയ പ്രമേയത്തെ അതിലെ അംഗങ്ങളായ ൨൦൦-ൽ പരം നമ്പൂതിരിമാരെ അപേക്ഷിച്ചിടത്തോളം നടപ്പിൽ വരുത്താൻ വിഷമമുള്ളതല്ലല്ലോ? അതുകഴിച്ചാൽ ഇതിന് ഒരു നിയമംകൊണ്ട് നിർബ്ബന്ധിക്കപ്പെട്ടുവാൻ മാത്രം, കനിഷ്ഠന്മാർ ബാക്കിഉണ്ടാകുമോ?

ഭാര്യമാക്കും മക്കൾക്കും ചിലവിന് കൊടുക്കുവാൻ ''നായർ റെഗുലെഷൻകൊണ്ട് നിർബ്ബന്ധിതരായപ്പോൾ മറുജാതിയിൽ വിവാഹം നടത്തിയാൽ ആ സംഖ്യ അന്യസമുദായത്തിന് പോയേക്കാമെന്ന് കരുതുന്ന കാരണവന്മാർ, കനിഷ്ഠന്മാരെ സജാതീയ വിവാഹത്തിന് നിർബ്ബന്ധിക്കുവാനല്ലേ എളുപ്പമെന്ന് എനിക്ക സംശയമുണ്ട്. ആ സ്ഥിതിക്ക് സ്വസമുദായ പ്രവർത്തി ഒന്നുമാത്രമാണ് ആ വാക്ക് (സജാതീയ വിവാഹം) കൊണ്ട് പ്രത്യക്ഷപ്പെടുന്നത് ''? ചോദിക്കുവാൻ മടിയുള്ള ദിക്കിൽ ക്രുദ്ധിന്നിക്കുന്നത് അത്ഭുതമാണോ എന്നും അറിവില്ല.

ഇനിയും ഇതിനൊരുക്കമുള്ള (സജാതീയ വിവാഹത്തിന്) കനിഷ്ഠ നമ്പൂതിരിമാർ അവരുടെ ഇടയിൽ തന്നെയുണ്ട്. വിവാഹത്തിന് ഇപ്പോൾ പുതുതായി വന്ന തടസ്ഥം മറ്റു സമുദായക്കാരും സ്വന്തം കാരണവന്മാരും തടസ്ഥപ്പെടുത്തുന്നതുകൊണ്ടാണോ എന്നും അന്വേഷിക്കേണ്ടതായിട്ടുണ്ട്.

പിന്നെ നാലാമദ്ധ്യായം ഏഴാം വകുപ്പിൽ പിന്തുടർച്ചാവകാശത്തെ പറഞ്ഞുപറയുന്നേടത്തും 'സജാതീയ വിവാഹം ചെയ്തിട്ടുള്ള ഒരു നമ്പൂതിരിയുടെ മരണകാലത്ത് അയാളാൽ വിനിയോഗിക്കപ്പെടാത്ത സ്വകാര്യസ്വത്തിന് സജാതീയഭാര്യമാരും ഭാഗിച്ചു പിരിഞ്ഞുപോയിട്ടില്ലാത്ത പുത്രന്മാരും അവിവാഹിതകളായ പുത്രിമാരും സമാവകാശികളാകുന്നു'' എന്നു പറഞ്ഞുകാണുന്നു. ഇതുകൊണ്ട് ഇതരജാതിയിലുള്ള ഭാര്യാസന്താനങ്ങൾക്ക് ചിലവിനുകൊടുക്കേണ്ട ആവശ്യമോ അവകാശമോ, ഇല്ലെന്നുവരുന്നു. അതുശരിയായിട്ടുള്ളതായി തോന്നുന്നില്ല. അതുകൊണ്ട് ഈ ബിൽ ഒരു സെലക്ട കമ്മറിയുടെ അന്വേഷണത്തിനു കൊടുത്ത് ആലോചിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോട് ഞാനും യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

President.—Can you speak in Malayalam, Mr. Salem?

മിസ്റ്റർ എ. ബി. സേലം.—അങ്ങിനെ ആവാം. (ചിരി). ഈ നമ്പൂതിരി കുടുംബ റെഗുലേഷനെ ഞാൻ ഹാർട്ടവമായി പിൻതാങ്ങുന്നു. അതിന്റെ കാരണം എന്തെന്നാവെച്ചാൽ ഓരോ സമുദായക്കാരും അവരവർക്ക് കാലോചിതമായിട്ടുള്ള മാറ്റങ്ങൾ അനുസരിച്ച് അവരുടെ നിയമങ്ങളേയും നടപടികളേയും ഭേദപ്പെടുത്തേണമെന്ന് ആവശ്യപ്പെടുന്നത് ഈ കാലത്ത് എല്ലായിടത്തും എല്ലാവരുടെ ഇടയിലും കണ്ടുവരുന്ന ഒരു സമ്പ്രദായമാണ്. അവരുടെ ആവശ്യമനുസരിച്ച് കാലഗതിപോലെ നിയമങ്ങളും നടപടികളുമെല്ലാം മാറ്റിക്കൊടുക്കേണ്ടത് ഗവർമ്മേണ്ടിന്റേയും ഈ കൌൺസിലിന്റേയും ഒരുപോലെയുള്ള കടമയാണ്.

പഴയകാലത്തേപോലെ നമ്പൂതിരിമാർക്ക് ഇഹലോക കാര്യം ഒന്നും വേണ്ടാ. പരലോക കാര്യംമാത്രംമതി എന്നുണ്ടായിരുന്ന കാലമെല്ലാം കഴിഞ്ഞുപോയിരിക്കുന്നു.

പ്രസിഡേണ്ട്.—അങ്ങിനെ മുമ്പും ഉണ്ടായിരുന്നില്ലെല്ലോ? (ചിരി).

മിസ്റ്റർ എ. ബി. സേലം.—പഴയകാലത്ത് അവർ പരലോകകാര്യമാണ് അധികം വലുതായി വിചാരിച്ചിരുന്നത്. ഇഹലോകകാര്യത്തിന് അത്ര പ്രാധാന്യം കല്പിച്ചിരുന്നില്ല. ആ ബോധവും കാലവും എല്ലാം ഇപ്പോൾ പോയി. ഇഹലോക കാര്യം നോക്കിയില്ലെങ്കിൽ അവരുടെ സമുദായം കെട്ടുപോകുമെന്ന് അവർക്ക് ഇപ്പോൾ അനുഭവംകൊണ്ട് മനസ്സിലായി. അതുകൊണ്ടാണ് ഇപ്പോൾ അവർ ഈ ബില്ല് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അത് അവരുടെ സമുദായരക്ഷക്കായിട്ടുമാത്രമാണ്.

മിസ്റ്റർ ഇട്ടിരവിനമ്പൂതിരി പറഞ്ഞിട്ടുള്ളത് ഈ ബില്ലുമൂലം ചിലർക്ക് ഇതേവരെ കിട്ടിവന്നതെല്ലാം കുറഞ്ഞുപോകുമെന്ന് ചിലർവിചാരിച്ചേക്കുമെന്നാണ്. പക്ഷെ ചിലർക്ക് കിട്ടിയത് കുറഞ്ഞുപോയെന്നും, കിട്ടുന്നതിൽ നഷ്ടമുണ്ടാകുമെന്നും വന്നേക്കാം. (ചിരി). അതുകൊണ്ട് ഇതനുവദിക്കരുതെന്ന് പറയുന്നത് ന്യായമല്ല.

ഹോസ്റ്റൽ റസല്യൂഷൻ സപ്പോർട്ടചെയ്തതുകൊണ്ട് നമ്പൂതിരിമാർ ഇപ്പോൾ അവർക്ക് സ്വന്തമായുള്ള സ്വഭാവം എല്ലാം വിട്ടുവിട്ടുവരുന്നതായി മിസ്റ്റർ രാമചന്ദ്രയ്യർ പ്രസ്താവിച്ചത് ഒരിക്കലും ശരിയായിട്ടില്ല. ചെറുപ്പക്കാരുടെ ഇടയിൽ പുതിയ പുതിയ നല്ല അഭിപ്രായങ്ങൾ ഉണ്ടാകുന്നതു പതിവാണ്.

പഴമക്കാരുടെ അഭിപ്രായത്തിൽ പഴയനടപടികളും ചട്ടങ്ങളുംതന്നെ നല്ലത്. അത് ഒരിക്കലും മാറ്റാൻ പാടില്ല എന്നായിരിക്കും. അവർ പഴയതിനെതന്നെ മുറുകെ പിടിച്ചുകൊണ്ടിരിക്കും. അവർ പെട്ടെന്നു വിടുകയില്ല (ചിരി). നേരെമറിച്ച് ഇപ്പോഴുള്ളവർ പഴയതൊക്കെ ചീത്തയാണ്, പുതിയ ചട്ടങ്ങൾ ഉണ്ടാക്കി പഴയതിനെ മാറ്റണമെന്ന് പറയും. അവർ മുന്നോട്ടുപോകാൻ ശ്രമിക്കും. അവരെ നാം തടയരുത്.

ഈ റെഗുലേഷൻകൊണ്ട് കല്യാണവിഷയത്തിൽ, വേണമെങ്കിൽ ഇതുപോലെ ആവാം, അല്ലെങ്കിൽ പഴയതുപോലെ ആവാം എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. സ്വജാതീയ വിവാഹംതന്നെ വേണമെന്ന് നിബന്ധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

കനിഷ്ഠന്മാർ സ്വജാതിയിൽ കല്ല്യാണംകഴിച്ചാൽ ചിലവിന്ന് കൊടുക്കയില്ല, ജ്യേഷ്ഠന്മാർകഴിച്ചാലെ കൊടുക്കു എന്നതൊക്കെ കൊള്ളുകയില്ല. ആവക ശാഠ്യങ്ങളൊക്കെ കാരണവന്മാർ കളയണം (ചിരി). (*Hear hear*).

ഇത്രയും പറഞ്ഞുംകൊണ്ട് ഞാൻ ഈ റെസ്സലേഷനെ ഹാർട്ടായിപിന്താങ്ങുന്നു.

പ്രസിഡേണ്ട്.—ഈ ബില്ലിൽ പല അദ്ധ്യായങ്ങളും ഓരൊ അദ്ധ്യായങ്ങളിൽ പല വകുപ്പുകളുമുണ്ട്. ഇതിൽ പറഞ്ഞ സംഗതികൾ എന്തെല്ലാമെന്ന് ചുരുക്കത്തിൽ ഒന്നു വിവരിച്ചു എങ്കിൽ കൊള്ളാമായിരുന്നു.

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—ഇതിലെ ഒന്നാമദ്ധ്യായം കൊണ്ട് ചില പദങ്ങളുടെ അർത്ഥത്തെ വിവരിക്കുകയും, രണ്ടാമദ്ധ്യായം കൊണ്ട് കുടുംബ ഭരണത്തെ നിയന്ത്രിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

പ്രസിഡേണ്ട്.—ഇപ്പോൾ കുടുംബഭരണം ഏതു നിലയിലാണ്?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—ഇപ്പോൾ കാരണവന്മാരുടെ ഇഷ്ടം പോലെ എന്തും ചെയ്യാം. ഇഷ്ടം പോലെ വസ്തുക്കൾ അന്യാധീനപ്പെടുത്തുകയൊ ആരോടും ഒന്നും ചോദിക്കാതെ കടം വാങ്ങുകയൊ ചെയ്യുന്നതിന്ന് കാരണവന്മാർക്ക് ഇപ്പോഴത്തെ നടവടി കൊണ്ട് അധികാരമുണ്ട്. അവർ കൊടുത്തെങ്കിലേ അനന്തിരവന്മാർക്ക് ചിലവിന്ന് തന്നെ കിട്ടുകയുള്ളു. അധികാരം പറഞ്ഞു കടം വാങ്ങുന്നതിനെ തടുക്കുകയൊ ചിലവിന്ന് വാങ്ങുകയോ ചെയ്യുന്നതിന്ന് അനന്തിരവന്മാർക്ക് സാധിക്കയില്ല.

പ്രസിഡേണ്ട്.—ചിലവിന്ന് കൊടുത്തില്ലെങ്കിലും മറ്റും എങ്ങിനെയാണ് വാങ്ങുന്നത്?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—കോടതിയിൽ പോകണം. അല്ലാതെ അവരുടെ അധികാരമൊന്നും കുടുംബത്തിൽ പറ്റുകയില്ല.

പ്രസിഡേണ്ട്.—ഈ റെസ്സലേഷൻ കൊണ്ട് ചിലവിന്ന് പണം കിട്ടുന്നതിന്നും കുടുംബസ്വത്തു നശിക്കാതിരിക്കുന്നതിന്നും സാധിക്കുമോ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—കാരണവന്മാർക്ക് ഇഷ്ടം പോലെ കടം വാങ്ങാനും നശിപ്പിക്കാനും മറ്റും ഇതു കൊണ്ട് സാധിക്കാതെ വരും. അനന്തിരവന്മാരോടുകൂടി ചോദിച്ചു് സമ്മതം വാങ്ങി ചെയ്യേണമെന്ന് ഇതിൽ പറയുന്നുണ്ട്. ഇഷ്ടം പോലെ നശിപ്പിക്കുവാൻ വയ്യാതാവും. നശിപ്പിക്കുകയാണെങ്കിലും അനന്തിരവന്മാർ കൂടി പങ്കുണ്ടായിരിക്കേണമെന്ന് ഈ നിയമം കൊണ്ട് സാധിക്കുന്നുണ്ട്. ഇതുവരേയു

LIBRARY ARCHIVES Kerala Legislative Assembly

ള്ള പതിവ് കാരണവന്മാരും കായ്മസ്ഥന്മാരും കൂടി എന്തു ചെയ്താലും ചോദിക്കാനാരുമില്ല. ഇതു മിക്കവാറും കാരണവന്മാരുടെ കുറ്റമല്ല. കായ്മസ്ഥന്മാർ അവരെ പാട്ടിലാക്കി ചെയ്യിക്കുന്ന സമ്പ്രദായങ്ങളാണ്. കാരണവന്മാരുടെ.—ഞാൻ വെറുതേ കാരണവന്മാരെ കുറ്റം പറയുകയല്ല.—പ്രവൃത്തികൾ മൂലം അനേകം നമ്പൂതിരി കുടുംബങ്ങൾ പണ്ടും ഇപ്പോഴും നശിച്ചുപോയതായി ഞാൻ സൂക്ഷ്മമായി അറിയുന്നുണ്ട്.

പ്രസിഡേണ്ട്.—ഇതൊക്കെ കണ്ടിട്ട് ആ അനന്തിരവന്മാർ കാരണവന്മാരാകുമ്പോൾ, അവർ കാണിക്കുന്നതും ഇങ്ങനെ തന്നേയാണോ?

മിസ്റ്റർ കപ്ലിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—അതെ. മറ്റുള്ളവരും കാട്ടുന്നതു് ഇതുതന്നെയാണ്. അനവധികാലം ആഗ്രഹിച്ചു കിട്ടുന്നതല്ലേ? വളരെകാലം ഒന്നും കിട്ടാതിരുന്ന് കുറെ പണം കിട്ടിയാൽ ഇഷ്ടംപോലെ കാട്ടുക എന്നതും മനുഷ്യസ്വഭാവമാണ്. അതിൽ അവരെ കുറ്റപ്പെടുത്താനുമില്ല.

പ്രസിഡേണ്ട്.—ഇതിനെ തടഞ്ഞിരിക്കുകയാണോ രണ്ടാമദ്ധ്യായം കൊണ്ടു ചെയ്തിട്ടുള്ളതു്?

മിസ്റ്റർ കപ്ലിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—ഈതോന്ന്യാസങ്ങളൊക്കെ മാറി കുടുംബസ്വത്തിന്ന് മറ്റുള്ളവരേയും അവകാശികളാക്കുകയാണ് ഇതുകൊണ്ട് സാധിക്കുന്നതു്.

പ്രസിഡേണ്ട്.—അങ്ങിനെയാണെങ്കിൽ ഇതിന്ന് വലിയ ആക്ഷേപത്തിന്ന് വകയില്ല.

മിസ്റ്റർ കപ്ലിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—മൂന്നാമദ്ധ്യായത്തിൽ കുടുംബാംഗങ്ങൾക്ക് ചിലവിന്ന് കൊടുക്കേണ്ടതിനെപ്പറ്റി വിവരിച്ചിരിക്കുകയാണ്. സജാതിയ വിവാഹം സാവ്ത്രികമാവണമെന്ന് ഉദ്ദേശകാരണങ്ങളിൽ പറഞ്ഞതുകൊണ്ട് ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ആ അദ്ധ്യായത്തിൽ മറ്റു വിവാഹം പാടില്ലെന്ന് നിബ്ബന്ധിച്ചിട്ടില്ല. എനിക്ക് അങ്ങിനെ നിബ്ബന്ധിക്കണമെന്ന് ഒരു വിചാരവുമില്ല. ഇതു് എഴുതുന്ന സമയത്തു് ആ വിചാരം തീരെ ഉണ്ടായിട്ടുമില്ല. സജാതീയ വിവാഹത്തിന്ന് ഇപ്പോഴുള്ള തടസ്ഥം, കനിഷ്ഠന്മാർ സജാതീയ വിവാഹം കഴിച്ചാൽ കാരണവന്മാർ ചിലവിന്ന് കൊടുക്കയില്ലെന്നുള്ളതാണ്. അതിനെ പരിഹരിക്കാതേ നിവൃത്തിയില്ല. ജ്യേഷ്ഠന്മാർതന്നേ കാരണവന്മാരുടെ സമ്മതം കൂടാതെ സജാതീയ വിവാഹം ചെയ്താണെങ്കിൽ കാരണവന്മാർ ചിലവിന്ന് കൊടുക്കുകയില്ല. പിന്നെ കനിഷ്ഠന്മാരുടെ കഥ പറയാനുണ്ടോ? ഇതുകൊണ്ട് കനിഷ്ഠന്മാർക്ക് സജാതിയിൽ വിവാഹം കഴിക്കുന്നതിന്ന് മനസ്സുണ്ടായിരുന്നാലും ഇപ്പോൾ സാധിക്കുന്നില്ല. അതുകൊണ്ട് നമ്പൂതിരി കുടുംബങ്ങളിൽ വളരേ കന്യകമാർ വിവാഹം കഴിക്കാതേ ജീവിതം കഴിക്കാൻ ഇടവരുന്നു. ചിലപ്പോൾ വല്ല വൃദ്ധന്മാരു

LIBRARY ARCHIVES Kerala Legislative Assembly

ടേയും മൂന്നാമത്തേയൊ, നാലാമത്തേയൊ ഭാര്യമാരായിത്തീരുന്നമുണ്ട്. അതുകൊണ്ട് വേളികഴിച്ചു എന്നല്ലാതെ, ദാമ്പത്യജീവിതത്തിലുള്ള സുഖങ്ങളൊന്നും അനുഭവിക്കുവാൻ ഇടവരുന്നില്ല. ഈ പരിതാപകരമായ സ്ഥിതിക്ക് ഒരു ഉപശാന്തി ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തിലാണ് ഈ അദ്ധ്യായത്തിൽ ചിലവകുപ്പുകൾ ചേർത്തിട്ടുള്ളത്. അല്ലാതെ വേറൊരു സമുദായത്തിൽ വിവാഹം ചെയ്യുകൂടെന്ന് ഒരു വാക്കുകൊണ്ടും നിഷ്കർഷിക്കുന്നില്ല. അഥവാ, അങ്ങിനെ വല്ലതും ഉണ്ടെങ്കിൽ തന്നെ സെലക്ററ് കമ്മറ്റിയെ എടുപ്പിച്ചു റിപ്പോർട്ട് വരുത്തി ഭേദഗതി ചെയ്യാവുന്നതാണ്.

പ്രസിഡേണ്ട്.—അവരുടെ കുടുംബങ്ങളിൽ കല്ല്യാണം കഴിക്കാതെ അനവധിസ്ത്രീകൾ ഇരിപ്പുണ്ട്. അഥവാ, കല്ല്യാണം കഴിക്കുന്നതുതന്നെ പേരുവരുത്താനല്ലാതെ യഥാർത്ഥ കല്ല്യാണം കഴിക്കാൻ അനേകം സ്ത്രീകൾക്കും ഇടവരുന്നില്ലെന്ന് പറയുന്നു. അതുണ്ടാകാതിരിക്കാനാണ് ഈ അദ്ധ്യായം.

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—നമ്പൂതിരി കുടുംബങ്ങളിൽ വേളികഴിക്കാതെ നാല്പതു വയസ്സിന്ന് മേലെയുള്ള പല സ്ത്രീകളും ഇരിപ്പുണ്ടെന്ന് കഴിഞ്ഞ സെൻസസ്സ് കണക്കുകൊണ്ട് അറിയുന്നുണ്ട്. ഇതിനുള്ള പ്രതിബന്ധം വേളികഴിക്കാൻ ആളില്ലായ്മയാണ്. നമ്പൂതിരി കന്യകമാരെ വേളികഴിക്കാൻ വേണ്ടിടത്തോളം നമ്പൂതിരി യുവാക്കന്മാർ ഉണ്ടെങ്കിലും കാരണവന്മാരുടെ മർക്കടമുഷ്ടികാരണം ചിലവിന്ന് കിട്ടുകയില്ലെന്നുള്ളതുകൊണ്ട് അവർ അതിന്ന് ഒരുങ്ങുന്നില്ല. ഈ റെഗുലേഷൻ പാസ്സാക്കി കിട്ടിയാൽ സജാതിയ വിവാഹം സാർവ്വത്രികമാവാൻ ധാരാളം സൌകര്യം കിട്ടും.

പ്രസിഡേണ്ട്.—അന്യസമുദായത്തിൽ വിവാഹം ചെയ്യുകൂടെന്ന നിർബന്ധിക്കുന്നില്ലേ? അങ്ങിനെയായാൽ അവകാശം കൊടുക്കുമോ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—ഈ ബില്ലിലെ ഫസ്റ്റ് വകുപ്പ് നമ്പൂതിരി കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഒരുപോലെ നിത്യച്ചിലവിന്ന് കൊടുക്കേണമെന്ന് നിർബന്ധിക്കുന്നുണ്ട്. അങ്ങിനെ നിത്യച്ചിലവിന്ന കിട്ടാതിരുന്നാൽ വസ്തുക്കൾ വീതിച്ചുവാങ്ങാനും ആദായം പിരിച്ചു അനുഭവിപ്പാനും ഉള്ള അധികാരം മാത്രമാണ് ഫസ്റ്റ് വകുപ്പ് കൊണ്ട് സജാതിയിൽ വിവാഹംചെയ്ത നമ്പൂതിരിമാർക്ക് കൊടുക്കുന്നതു്. ഇങ്ങിനെയായാൽ സ്വത്തുനശിക്കാൻ ഇടവരികയില്ല. ഫസ്റ്റ് വകുപ്പുകൊണ്ട് സജാതീയ വിവാഹം സാർവ്വത്രികമാവണമെന്നും കൂടി ഉദ്ദേശിക്കുന്നുണ്ട്.

ഡാക്ടർ എ. ജി. മേനോൻ.—നമ്പൂതിരി കുടുംബത്തിൽ ജ്യേഷ്ഠൻ വേളികഴിക്കാതെയിരിക്കുമ്പോൾ അനന്തിരവന്മാർക്ക് വേളികഴിക്കാൻ പാടുണ്ടോ? അതു് ശാസ്ത്രത്തിന് വിരോധമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—നിശ്ചയമായിട്ടും അല്ല. ഏതുശ്രുതിയും സ്മൃതിയും എടുത്തുകാണിച്ചു തരുവാനും ഞാൻ തയ്യാറുണ്ട്. എല്ലാ സ്വജാതീയ വിവാഹത്തെ അനുകൂലിച്ചിരിക്കുകയാണു്. എല്ലാവരും വേളികഴിക്കുന്നതു് ശാസ്ത്രനിഷിദ്ധമാണെന്നു് പാരമ്പര്യമനുഷ്ഠാനപടികളിൽ നിന്നു് വന്നതാണെന്ന ഒരു തെറ്റിദ്ധാരണയാണു്. നേരെമറിച്ചു് പരിവേദനം (ജ്യേഷ്ഠന്റെ വിവാഹത്തിനു് മുമ്പുള്ള അനുജന്റെ വിവാഹം) തന്നെ ശാസ്ത്രസമ്മതമായിട്ടുള്ളതാണു്. ശ്രുതിയും സ്മൃതിയും ഒക്കെ വിരോധിക്കുന്നുണ്ടെന്നു് പറയുന്നതു് യാഥാസ്ഥിതികന്മാരും മാമൂൽപ്രിയന്മാരുമായ ചിലരാണു്. അവർ പണ്ടു് പറഞ്ഞുകേട്ടതു് ഇപ്പോഴും പറയുന്നുവെന്നേയുള്ളൂ. നെല്ലായി മെമ്പരുടെ വാദങ്ങളേപറ്റിയാണു് ഇനി എനിക്കു് രണ്ടുവാക്കുപറയാനുള്ളതു്. യോഗക്ഷേമസഭ നമ്പൂതിരിമാരുടെ പ്രതിനിധ്യം വഹിക്കുന്നില്ല എന്നു് അദ്ദേഹം പറയുന്നു. അദ്ദേഹം വാസ്തവത്തിൽ നമ്പൂതിരിമാരുടെ അഭിപ്രായം അറിഞ്ഞുംകൊണ്ടു പറഞ്ഞതല്ല. ഏതൊ ഒരു കടലാസ്സിൽ ആരോ ചില്തെഴുതിയതുകണ്ടു് ഇവിടെ പ്രസ്താപിച്ചതാണെന്നു പറയാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. അതിനു് അദ്ദേഹം ഇന്നിവിടെ കൊണ്ടുവന്ന വർത്തമാനക്കടലാസ്സിൽ കണ്ട ഹരജിതന്നെ സാക്ഷ്യംവഹിക്കുന്നുണ്ടു്. ഒരു വർത്തമാനക്കടലാസ്സിൽ ചില നമ്പൂതിരിപ്രമാണികളുടെ പേരുവെച്ചു് യോഗക്ഷേമസഭക്കു് നമ്പൂതിരിമാരുടെ പ്രാതിനിധ്യം ഇല്ലെന്നോ മറേറാ എഴുതിയ ലേഖനം ഞാനും വായിക്കാൻ ഇടയായിട്ടുണ്ടു്. വാസ്തവത്തിൽ ആ പേരിന്റെ ഉടമസ്ഥരല്ലാ അപ്രകാരം ചെയ്തതു്. ചില നമ്പൂതിരി കുടുംബത്തിലെ കാരണവന്മാരെ ഭരിക്കുന്ന കുബുദ്ധികളായ ചില കാര്യസ്ഥന്മാർ അവരുടെകാര്യം മോശമായിപ്പോകുമെന്നുകണ്ടു് പരിഭ്രമിച്ചു് കാട്ടിക്കൂട്ടുന്നഗോഷ്ഠികളാണു്. ഈ പേരുവെച്ചിരിക്കുന്നവരിൽ പലരും ഇതു് അറിഞ്ഞിട്ടില്ല. അവരുടെപേരുവെച്ചുതന്നേ ചില ഹർജികൾ ഈ കാര്യസ്ഥന്മാർ മറെറപല സംഗതികളിലും തയ്യാറാക്കിവരുന്നുതായി ഞാൻ അറിയുന്നു. അതിൽ അവരെക്കൊണ്ടു് ഒപ്പിടുവിക്കുന്നുണ്ടെങ്കിൽതന്നേ വേറെവല്ല കാരണവും പറഞ്ഞാണു്. ഒപ്പിടുന്നസമയം ഹരജിവിവരം എഴുതിയ കടലാസ് അവരെ കാണിക്കുമോ എന്നുകൂടി സംശയമാണു്. വെറും കടലാസ്സുകൊണ്ടു് നടന്നു് കാരണവന്മാരെ കബളിപ്പിച്ചു് ഒപ്പിടുവിച്ചു് വാങ്ങുന്നപതിവും ചില കാര്യസ്ഥന്മാരിലും അവരുടെ ഏജണ്ടുമാരിലും കണ്ടുതുടങ്ങിട്ടുണ്ടു്.

പ്രസിഡേണ്ടു്.—വളരെ പേരുകൾ ഉണ്ടായിരിക്കുമ്പോൾ ഹരജി കടലാസ്സിൽതന്നെ ഒപ്പിടുവിക്കുവാൻ സാധിക്കുകയില്ലല്ലൊ, അതു കൊണ്ടായിരിക്കാം വെറുംകടലാസ്സുകൊണ്ടുപോകുന്നതു്.

മിസ്റ്റർ കപ്പിങ്ങാട്ടു് ശങ്കരൻ നമ്പൂതിരി.— അല്ലാ. മിക്കവാറും മലബാറിലെ കുടിയാൻബില്ലിനെസ്സംബന്ധിച്ചാണെന്നു പറഞ്ഞാണു് ഒപ്പിടുവിക്കുന്നതു്. അതു നമ്പൂതിരിമാരെ ഏറ്റക്കുറെ ബാധിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിയമമാകയാൽ കാരണവന്മാർ ഒപ്പിട്ടുകൊടുക്കുകയും ചെയ്യും! അങ്ങിനെ ആ ഹരജികളിൽ ഒപ്പിട്ടിട്ടുള്ളവരുടെ പക്കൽനിന്ന് ഞാൻ ഇതിനെ അനുകൂലിച്ചെഴുതി ഒപ്പിടുവിച്ച് ഈ സഭയിൽ ഹാജരാക്കാൻ തയ്യാറുണ്ട്. അങ്ങിനെ ഇതിന്ന് വിപരീതമായി അഭിപ്രായം പുറപ്പെടുവിച്ചവരുടെ പേരും, ഹരജിയിൽ ഒപ്പിട്ടിട്ടുണ്ടെന്ന് പറഞ്ഞവരുടെ പേരും നെല്ലായി മെമ്പർ ഇവിടെ ഹാജരാക്കട്ടെ. ഞാൻ അവരെക്കൊണ്ട് ഇതിന്നു വളരെ അനുകൂലമായവിധത്തിൽ ഒപ്പിടുവിച്ച് അപേക്ഷ ഹാജരാക്കാൻ തയ്യാറാണ്. യോഗക്ഷേമ സഭക്ക് നമ്പൂതിരിമാരുടെ പ്രാതിനിധ്യംഇല്ലെന്ന് മെമ്പർ പറഞ്ഞതിൽ ഞാൻ അതിശയിക്കുന്നു. അദ്ദേഹത്തിന്ന് ഇത്രവലിയ ഒരു അബദ്ധം വരുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ലാ. കടലാസ്സിൽ കണ്ടതു് പരമാർത്ഥമാണൊ എന്ന് അന്വേഷിക്കാതെ, വാസ്തവമാണെന്ന് വിശ്വസിച്ച് ഇവിടെ പ്രസ്ഥാപിച്ചതിലുള്ള സാഹസത്തെപറ്റി ഞാൻ വ്യസനിക്കുന്നു. യോഗക്ഷേമസഭയ്ക്ക് നമ്പൂതിരിമാരുടെ പ്രാതിനിധ്യമില്ലെങ്കിൽ നമ്പൂതിരിമാരുടെ പ്രാതിനിധ്യം വഹിക്കുന്ന ഒരു സഭയും ഇന്ന ഒരിടത്തും ഇല്ലെന്ന് പറവാൻ എനിക്ക് ധൈര്യമുണ്ട്.

പ്രസിഡേണ്ട്—യോഗക്ഷേമസഭയിൽ വളരെ നമ്പൂതിരിമാർ അംഗങ്ങളായിട്ടുണ്ട്. അത് അവരുടെ വലിയ സഭതന്നെയാണ്. അതിൽ അവർ നടത്തുന്ന ഓരോ മീറ്റിങ്ങിലും വളരെ നമ്പൂതിരിമാർ പലഭാഗത്തുനിന്നും വരുന്നുണ്ട്. ഇവ്വിടത്തന്നെ ചൊവ്വരയോ മറ്റോ നടന്ന ഒരു സഭയിൽ പ്രമാണികളായ അനവധി നമ്പൂതിരിമാർ ഉണ്ടായിരുന്നു എന്ന് കേട്ടു.

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—കൊച്ചി, തിരുവിതാംകൂർ, മലബാർ ഈ മൂന്ന് രാജ്യങ്ങളിലുമുള്ള അനവധി യോഗ്യന്മാരായ നമ്പൂതിരിമാരാണ് ഇതിലെ അംഗങ്ങൾ. ഈമൂന്ന് രാജ്യത്തിലേയും നമ്പൂതിരിമാരുടെ പ്രാതിനിധ്യം വഹിക്കുന്ന ഒന്നാണ് യോഗക്ഷേമ സഭ എന്ന് സംശയമില്ല. അതിന്ന് മുപ്പതോളം ഉപസഭകളും ഉണ്ട്. അങ്ങിനെയുള്ള ഒരു മഹാസഭയേപ്പറ്റി സാഹസം തട്ടിമൂളിക്കുന്നതിൽ അദ്ദേഹത്തിന്ന പറ്റിയ അബദ്ധത്തിന് കാരണം എന്തെന്ന് ഞാൻ അറിയുന്നില്ല. അങ്ങിനെ അനവധി മഹാന്മാരുടെ സാന്നിദ്ധ്യത്തോടുകൂടി പതിനെട്ട വർഷമായി പല സഭകളും കൂടിയതിന്റെ ഫലമായിട്ടുണ്ടായ ഒരു ബില്ലാണ് ഇതു്. ഇതിനെ അനുകൂലിക്കാത്ത ഒരുത്തരും ഈ സഭയിൽ ഉണ്ടാവില്ലന്നാണ് എന്റെ വിശ്വാസം.

ഡാക്ടർ ഏ ജി. മേനോൻ.—ഗുരുപുരം സഭാ?

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻനമ്പൂതിരി.—ഞാൻ അദ്ധ്യക്ഷനായിരുന്ന ഗുരുപുരം സഭയേപ്പറ്റിയും ചിലതു് പറവാനുണ്ട്. ഇതു വാസ്തവത്തിൽ യോഗക്ഷേമ സഭയുടെ ഒരു ഉപസഭയാണെന്നാണ് ഞാൻ ധരിച്ചിരുന്നതും അദ്ധ്യക്ഷം വഹിക്കാൻ പോയതും. അവിടേചെന്ന് കാര്യം മനസ്സിലായപ്പോൾ എന്താണ് വേണ്ടതെന്ന് ഞാൻ ആലോചിച്ചു. ഒടുവിൽ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ നിബ്ബന്ധപ്രകാരം അദ്ധ്യക്ഷം വഹിക്കേണ്ടിവന്ന അധികപക്ഷപ്രകാരം കുടുംബറെഗുലേഷൻ പാസ്സാക്കാൻ പാടില്ലെന്ന് ഒരു നിശ്ചയം അവിടെ പാസ്സാക്കിയതു് വാസ്തവംതന്നെ. അവിടെവെച്ചുതന്നെ ഈ നിയമം ആവശ്യമാണെന്ന് ഞാൻ ബഹുമായഭിപ്രായപ്പെടുകയും, യോഗക്ഷേമ സഭയുടെനിർദ്ദേശത്തിനു് വിരോധമായ തീർപ്പു് പാസ്സാക്കാൻ പാടില്ലെന്ന് വിരോധിക്കയും ചെയ്തിട്ടുണ്ടു്. കുടുംബറെഗുലേഷനെ സംബന്ധിച്ചുള്ള തീർപ്പു് ഗവർമ്മേണ്ടിലേക്കയപ്പാൻ എന്നെ ഏല്പിച്ചിട്ടില്ല. ഇങ്ങിനെ ഒരു തീർപ്പു് അധികപക്ഷപ്രകാരം ആ സഭയിൽ പാസ്സായെങ്കിലും എന്റെ അഭിപ്രായത്തിനു് യാതൊരു മാറ്റവും വന്നിട്ടില്ല. ഇങ്ങിനെ ഒരു തീർപ്പു ചെയ്തതു് യോഗക്ഷേമ സഭയുടെ ചട്ടങ്ങൾക്കു് വിരോധമാണെന്നും ഞാൻ ശക്തിയായി ഉപസംഹാരത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഈ തീർപ്പു് വേണ്ടപ്പെട്ടവർക്കു് അയച്ചുകൊടുപ്പാൻ എന്നെ ഏല്പിച്ചിട്ടുണ്ടെന്നു് നെല്ലായി മേമ്പറെ ധരിപ്പിച്ചിട്ടുള്ളതു് ശുദ്ധ കള്ളമാണു്. ഞാൻ ആ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നതുകൊണ്ടു് ഇതു് കള്ളമാണെന്നു് പറവാൻ എന്റെ അനുഭവംകൊണ്ടു് എനിക്കു സാധിക്കും. ഇതിനേപറ്റി ഒരു ലേഖനം ഇന്നു ഞാൻ മദ്രാസ്സിൽനിന്നും പുറപ്പെടുന്ന 'ഹിന്തു' പത്രത്തിലും ഉള്ളതായി കണ്ടു. ഞാൻ ഇന്നാണു് ആ കള്ളലേഖനം കണ്ടതു്. ഇതിന്നുമുമ്പു കണ്ടിരുന്നുവെങ്കിൽ ഞാൻ അതിന്നു് ശരിയായ സമാധാനം കൊടുക്കുമായിരുന്നു. ഏതായാലും ഞാൻ വാസ്തവസ്ഥിതിയെ വെളിപെടുത്തി ഉടൻതന്നെ ആ പത്രത്തിലേക്കു് എഴുതിഅയക്കുന്നതാണു്.

ഈ ശ്രീകുരം ഉപസഭയെന്നു് പേരുപറയുന്ന സഭക്കു് 'ഉപസഭാ' എന്ന പേരിന്നു് തന്നെ അർഹതയില്ല. ഒരു ഉപസഭക്കു് ഉണ്ടായിരിക്കേണമെന്നു് യോഗക്ഷേമസഭയിൽ നിന്നു് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളൊന്നും ഈ സഭ അംഗീകരിച്ചിട്ടില്ലാത്തതു് കൊണ്ടു് അതു ശരിയായ ഒരു ഉപസഭയല്ല. ശരിയായ ഉപസഭയാണെങ്കിൽ ആ സഭയിൽ വോട്ടു ചെയ്യാൻ അധികാരമുള്ള നമ്പൂതിരിമാർ അധികവും ഉണ്ടായിരുന്നതുമില്ല. അധികവും കായ്മസ്ഥന്മാരും അവരുടെ ആളുകളും ആയിരുന്നു. അങ്ങിനെയുള്ള സഭയിൽ തീർച്ചയാക്കിയ ആ തീർപ്പിനെ ഞാൻ ബലമായി നിഷേധിക്കുന്നുണ്ടു്; അവരുടെ മുഖദാവിൽ തന്നെ ഞാൻ ഈ വിവരം പറഞ്ഞിട്ടുമുണ്ടു്.

അവസാനമായി നമ്പൂതിരിമാരും കൊച്ചീരാജകുടുംബവുമായുള്ള ബന്ധത്തെപ്പറ്റിയും അദ്ദേഹം ഇവിടെ പ്രസ്താപിക്കയുണ്ടായി. ഈ നിയമം കൊച്ചീ രാജകുടുംബത്തിനു് ബാധകമായിത്തീരുമെന്നും അതിനാൽ രാജകുടുംബത്തിനു് ദ്രോഹമായിത്തീരുമെന്നും നെല്ലായി മെമ്പർ ഭയപ്പെടുന്നു. ഇന്നും ഏതെല്ലാം പ്രകാരത്തിൽ ആരെല്ലാം വിധിച്ചാലും കൊച്ചി രാജ്യത്തു് നമ്പൂതിരിമാരേക്കാൾ അധികം രാജഭക്തിയുള്ളവർ ഇല്ലെന്നാണു് ഞാനും എന്റെ സമുദായവും വിശ്വസിക്കുന്നതു്. (*Hear, hear*). അവർ രാജകുടുംബത്തിനു് വിരോധമായി വല്ലതും വിചാരിക്കുകയോ പ്രവൃ

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കുകയൊ ചെയ്യുമെന്ന് ആശം സപ്പെടുന്നു. ഇതു നമ്പൂതിരിമാരുടെ കുടുംബസ്വത്തിനെ നില നിത്താനല്ലാതെ, രാജകുടുംബത്തെയൊ, മറേറതെങ്കിലും സമുദായത്തേയൊ ദോഷപ്പെടുത്താനായിട്ടു ഉണ്ടാക്കിയതല്ലെന്ന് ഞാനിതാ തുറന്ന് പറയുന്നു. ആരേയും ദ്രോഹിക്കാത്ത ഒരേപ്പാടാണ് ഇതു. രാജഭക്തന്മാരായ നമ്പൂതിരിമാർ ആകുഡും ബത്തിന് അല്പമെങ്കിലും ദോഷമായ ഒരു കായ്യത്തിൽ ഏർപ്പെടുമെന്നു കരുതേണ്ട. അതുകൊണ്ടു ഈ ബില്ലിനെ അനുകൂലിപ്പാൻ ബഹുമനപ്പെട്ട എല്ലാ മെമ്പർമാരോടും ഒരിക്കൽക്കൂടി അപേക്ഷിച്ചുകൊണ്ടു ഇപ്പോൾ അവസാനിപ്പിക്കുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—എനിക്കു രണ്ടുവാക്കു പറയാനുണ്ടു. ശ്രീകപുരം ഉപസഭയെ പററി രണ്ടു ദിവസം മുമ്പു ഞാനും ഈ നമ്പൂതിരി മെമ്പരുമായി കുറെ സംസ്സാരിക്കയുണ്ടായി. അവിടെ താനായിരുന്ന അദ്ധ്യക്ഷനെന്നും, അവിടെ കുഡുംബറെഗുലേഷന് വിരോധമായി ഒരു തീർപ്പു ഉണ്ടാക്കി എല്ലാവരേയും കൊണ്ടു ഒപ്പിടുവിച്ചു എങ്കിലും താൻ ഒപ്പിട്ടിട്ടില്ലെന്നും, അതു ഗവർമ്മേണ്ടിൽ സമർപ്പിക്കാൻ, തന്നെ ഭാരമേല്പിക്കയുണ്ടായെന്നും അന്ന് എന്നോടു ഈ മെമ്പർ നേരിട്ടു പറഞ്ഞതാണു. ആ സ്ഥിതിക്കു ഞാൻ പറഞ്ഞതല്ല നുണ, അദ്ദേഹം പറഞ്ഞതാണു വലിയ നുണ.

ഡാക്ടർ. എ. ജി. മേനോൻ.—തമ്മിൽ തമ്മിൽ "നുണ" എന്നവാക്കു പറയാൻ തുടങ്ങുന്നതു സഭ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

പ്രസിഡേണ്ടു.—ഒരാൾ പറഞ്ഞതു കള്ളമാണു. മറെറയാൾ പറഞ്ഞതു നുണയാണു, എന്നൊക്കെ പറയുന്നതു സഭക്കു പോരാത്തതാണു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ പറഞ്ഞതു കള്ളമെന്നു ബലപ്പെടുത്തിയതുകൊണ്ടു ഞാൻ പരമാർത്ഥം പറയുകയാണു ഉണ്ടായതു.

The Motion that the Nambudiri Kudumba Bill of Mr. K. Sankaran Nambudiri be read in Council was put to votes and carried.

The title of the Bill was then read.

മിസ്റ്റർ കപ്പിങ്ങാട്ടു ശങ്കരൻ നമ്പൂതിരി.—റാവുസാഹിബു മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ, മിസ്റ്റർ വി. കെ. കൊച്ചുണ്ണിമേനോൻ, സി. എൻ. ഇട്ടിരവി നമ്പൂതിരി, എൻ. പത്മനാഭമേനോൻ സി. എ. കുഞ്ഞുണ്ണിരാജാ, ഒ. ആർ. കുമ്മാർ, എ. ബി. സേലം, എ. ആർ. മേനോൻ, ശ്രീമതി ടി. മാധവിഅമ്മ, ഇവരടങ്ങിയ ഒരു സിലക്ടു കമ്മിറ്റി ഈ ബില്ലിനെപ്പററി ആലോചിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. B. Salem.—Is it open to any other member to propose any other names? Under S. O. 33, clause 2, the other members of the Committee shall be named by the Council, when the motion that the Bill be referred is made. Of course, the mover may make a motion to refer the matter to a Select Committee. That is in S. O. 31(4). The Member in charge may then immediately move that the Bill be referred to a Select Committee composed of such members as he may specify in his motion.

President.—According to S. O. 31 (2) the other members of the Committee shall be named by the Council when the motion that the Bill be referred is made.

Mr. N. Padmanabha Menon.—That provision applies only when the mover who makes a motion for referring the matter to a Select Committee leaves some of the members unnamed.

President.—Is that so?

Mr. N. Padmanabha Menon.—Yes. Now, the substantial motion before us is that the Bill be referred to Select Committee composed of certain persons named by the mover. If any other members are added, that becomes an amendment. The words "Other members of the Committee" mean that, when the mover of the resolution leaves certain members unnamed, any other member or the Council can name the others.

President.—What you want to say is that the rest of the members should be named by the Council. Suppose he amends his motion in the manner stated by you. Then others could be named by you.

Mr. N. Padmanabha Menon.—Clause (2) then gets invoked. The substantial motion is that the Bill be referred to a Select Committee consisting of a certain number of persons. The mover has specified the persons, and he has not left room for the Council to mention other members. That is my point.

Mr. A. B. Salem.—I shall amplify. Suppose the Select Committee consists of 7 members. He names 5 and does not name 2. Then the Council will have to name somebody else.

Dr. A. R. Menon.—If that is accepted, then those who oppose this motion will have no chance i. e., those who are against the selection of some members.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. A. Ouseph.—It seems to me that the interpretation given by the Member for Cranganur is not correct. Here it is said

"The member in charge may then immediately move that the Bill be referred to a Select Committee."

That is a specific motion. That is S. O. 31 (4). And then, in S. O. 33, it is laid down that two members shall always be particular persons, i. e., the official member in charge of the department to which the Bill relates and the member who introduced the Bill, and it shall not be necessary to include their names in any motion for the appointment of a Committee. So that the right is left to the Council. It is never left to the Member. Of course, the Member on behalf of the Council, makes the motion and specifies the persons in the motion. He has no better right than any other Member with regard to the persons who compose the Council.

President.—This interpretation emphasises the objection raised by Dr. A. R. Menon. That is to say, suppose the mover, for a certain purpose, does not include the opposers of the Bill. That is really a great hardship. So that, I think this interpretation should be accepted.

Mr. A. B. Salem.—Then what is the force of the word "other"?

President.—There are 2 members referred to in S. O. 33 (1).—That is the member in charge of the department to which the Bill relates and the mover. "The other members of the Select Committee" means other members who are named. They may be those persons mentioned in the motion of the mover, or fresh names may be added. It should be left to the discretion of the Council to name the other members.

Mr. A. B. Salem.—I think that is also a reasonable interpretation. There is meaning in that. We are to follow that decision, namely, it is not left to the mover alone to select the members of the Committee. It is the right of the Council to name the members of the Committee, and that interpretation we will follow.

President.—But then, what I want to observe is, as far as possible, we must not have too many members in the committee. Generally, I don't know what is the number.

Rao Sahib T. V. Kasturi Ranga Ayyar.—Seven members.

Diwan Bahadur Dr. V. Verghese.—I think we may frame a rule here.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. A. Kunjunni Raja.—In the case of amendments to Standing Orders, the Select Committee is to be composed of eight persons.

Dr. A. G. Menon.—The charge for T. A., etc., will be high, if the members are too many. Financial considerations must also be taken into account.

President.—Work also will be facilitated, if the number is limited. What is the Standing Order referred to?

Mr. C. A. Kunjunni Raja.—S. O. 66. It does not apply to this matter. But it is in connection with the composition of a Select Committee on the amendment of Standing Orders.

President.—That is Standing Order 66. There are two here already. So you may fix seven as the reasonable number.

Rao Sahib T. V. Kasturi Ranga Ayyar.—Seven will be a reasonable number.

Dr. A. G. Menon. It is not stated here that the mover should generally be in the Committee.

President.—Certainly, he should be. He is the man in charge of the Bill.

Dr. A. R. Menon.—What he says is this. He will realize that the appointment of a Committee involves large expenditure. I came to understand it only this afternoon. This is a question involving lakhs of rupees, and so we have to get the correct facts. We are interfering with an ancient custom existing for centuries, and various opinions have to be taken, that is of those whose opinions are absolutely impartial. They may not be capable men, but they may be naturally inclined to express an opinion. The question is such that Government should consider it in the light in which it is represented, irrespective of the expenditure involved.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—മിസ്റ്റർ സി. അച്യുതമേനോന്റെയും മിസ്റ്റർ ജെ. ഇക്കണ്ടവാര്യരുടെയും കമ്മറ്റിയിൽ മെമ്പർമാരായിരിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ കുഞ്ഞിണ്ണിരാജ.—ഈ അഭിപ്രായത്തോടു കൂടി ഞാനും യോജിക്കുന്നു.

The question of appointing a Select Committee consisting of the following members was put to votes and was carried.

Members.— 1. Rao Sahib T. V. Kasturi Ranga Ayyar
2. Mr. V. K. Kochunni Menon
3. Mr. C. N. Ittiravi Nambudiri
4. Mr. N. Padmanabha Menon
5. Mr. C. A. Kunjunni Raja
6. Mr. O. R. Chummar
7. Mr. A. B. Salem.

LIBRARY ARCHIVES Kerala Legislative Assembly

8. Dr. A. R. Menon.
9. Sreemati Madhavi Amma.
10. Mr. E. Ikkanda Wariar.
11. Mr. C. Achyuta Menon.

Besides the Law Member and the Mover.

മിസ്റ്റർ കപ്പിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.—സിലക്ഷ്ൻ കമ്മിറ്റി റിപ്പോർട്ട് സമാസത്തിനകം സമർപ്പിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു,

Mr. A. B. Salem.—I second the motion.

The question of the submission within 6 months of the report of the Select Committee for the Nambudiri Kudumba Bill was put to votes and agreed to.

President.—Under Standing Order 33, clause (3), I name Mr. Kochunni Menon as President of the Committee.

Resolutions on Matters of General Public Interest.

President.—The next item is the resolution standing in the name of Mr. K. T. Mathew, and it relates to general unemployment in the State.

The Appointment of an Unemployment Committee.

Mr. K. T. Mathew.— Sir, I rise to move the following resolution:—

"*That this Council recommends to the Government to appoint a Committee, consisting of non-officials to investigate the problem of general unemployment in the State, to take evidence of witnesses and to report to Gevernment six months from this date, suggesting inter alia, remedial measures for, as far as possible, solving the problem.*"

After the last war, the world has talked of unemployment so much, that there is a man hardly in Europe and America who has not heard of unemployment or given his ideas regarding its causes. The question of unemployment in England has been, for some years past, an important plank in all electioneering fights. A million and odd people out of 40 millions were in a state of unemployment there. Government in England had been taking many steps to meet this problem. Coal miners were given subsidy in order to help them to retain their employees.

This world condition might have contributed in its own way to the present state of unemployment in India. But the world-wide depression in trade is not the main cause of unemployment in our State. The present system of education has largely been the cause for bringing about the present state.

LIBRARY ARCHIVES Kerala Legislative Assembly